# ബഥനി മാസിക

VOL. 1 ISSUE: 1 2017 AUGUST

PRAYER IS POWER

BETHANY ASRAM

RANNI PERUNAD

Estd-1918

ORDER OF IMITATION OF CHRIST



ബഥനി ആശ്രമം ശതാബ്ദി പ്രഖ്യാപനം | ജൂലൈ 3 | കോട്ടയം പഴയസെമിനാരി

# ബഥനി മാസിക

ത്രൈമാസിക

VOL. 1

ISSUE: 1

2017 AUGUST




"Happiness can only be achieved by looking inward and learning to enjoy whatever life has and this requires transforming greed into gratitude."

St. John Chrysostom



## ഈ ലക്കത്തിൽ...


03 **പരി. കാതോലിക്കാബാവാ തിരുമേനിയുടെ കല്പന**

04 **ആശ്രമാദ്ധ്യക്ഷന്റെ സന്ദേശം**
ഫാ. മത്തായി O.I.C

05 **THE ORTHODOX FAITH VERSUS NON-ORTHODOXY AND PROTESTANTISM**
ALEXIOS MAR THEODOSIOS O.I.C.

14 **സന്യാസത്തിന്റെ പാത**
ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

19 **പരിശുദ്ധ മാമോദീസായും ക്രിസ്തീയ സ്വത്വവും**
ഫാ. എബ്രാഹാം തോമസ്

26 **ബഥനി ശതാബ്ദി നിറവിൽ**
ഫാ. ബെഞ്ചമിൻ O.I.C

30 **ഒരു ഭാഷയുടെ ചരിത്രം**
ഫാ. ഇയ്യോബ്

37 **ബഥനി സമ്മർ ക്യാമ്പ്**
മഹേഷ് വർഗ്ഗീസ്, അടൂർ

39 **ബഥനി വാർത്തകൾ**

# സഭയ്ക്കുവേണ്ടി

കരുണയുള്ള യേശുതമ്പുരാനേ,
ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള
നിന്റെ വിശുദ്ധ സഭയെ അനുഗ്രഹിക്കണമെ.
നിന്റെ ജീവനും ശക്തിയുംകൊണ്ട് അതിനെ നിറയ്ക്കണമെ.
അതിന്റെ പ്രകാശത്താലും നിന്റെ കൃപയാലും അതിന്റെ
അംഗങ്ങളെല്ലാം വിശുദ്ധികൊണ്ടും നിറയ്ക്കുമാറാകണമെ.
താഴ്മയാലും സ്നേഹത്താലും നിന്റെ വിശുദ്ധ സഭ
സകല ശത്രുക്കളെയും ജയിക്കുമാറാകണമെ.
സകല ജാതികളും നിന്നെ അറിവാനും സ്നേഹിപ്പാനും
സേവിപ്പാനും അതിനെ തൃക്കയ്യിൽ ശക്തിയുള്ള
ആയുധമാക്കി അതിന്റെ വേലയെ ബലപ്പെടുത്തണമെ.
കർത്താവേ, സത്യവിശ്വാസികളായ സകല മേല്പട്ടക്കാരെയും
പട്ടക്കാരെയും ശെമ്മാശ്ശൻമാരെയും ദൈവീക വേലക്കാരെയും
സകല സന്ന്യാസസമൂഹങ്ങളെയും വിശ്വാസികളായ
എല്ലാ സ്ത്രീപുരുഷൻമാരെയും വൃദ്ധൻമാരെയും
കുഞ്ഞുങ്ങളെയും അവിടുന്ന് അനുഗ്രഹിക്കണമെ.
നിന്റെ മഹത്വം അവരിൽ പ്രശോഭിപ്പിക്കുമാറാകണമെ.

.....................................................

കർത്താവേ, സമാധാനത്തിന്റെ പ്രഭുവായുള്ളോവേ,
നിന്റെ സഭയ്ക്കു സമാധാനവും യോജിപ്പും നൽകണമെ.
സകല മത്സരങ്ങളും വിരുദ്ധങ്ങളും നീക്കിക്കളഞ്ഞ്
താഴ്മയും സ്നേഹവും വിശുദ്ധ സഭയിൽ നിറയ്ക്കണമെ.

.....................................................

ലോകത്തിൽ എവിടെയും ക്രിസ്ത്യാനികൾ തമ്മിലുള്ള
സകല മത്സരങ്ങളും അവസാനിപ്പിക്കണമെ.
നിന്റെ സത്യവിശ്വാസത്തിൽ പരസ്പരം യോജിപ്പാനും
സ്നേഹിപ്പാനും, നിന്റെ വേല ലോകത്തിൽ ചെയ്യുവാനും
അവരെ ശക്തിപ്പെടുത്തണമെ.

Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**BASELIOS MARTHOMA PAULOSE II**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

ജൂൺ 27, 2017

## അനുഗ്രഹസന്ദേശം

മലങ്കര ഓർത്തഡോക്സ് സഭയിലെ ആദ്യത്തെ സന്യാസ പ്രസ്ഥാനമാണ് പെരുനാട് ബഥനി ആശ്രമം. മലങ്കര സഭയുടെ ഗതിവിഗതികളെ മാറ്റിമറിച്ച നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പുണ്യഭൂമിയാണിത്. പ. സഭയിലെ ശ്രേഷ്ഠ മഹാചാര്യന്മാരായി ഈ സമൂഹത്തിൽ നിന്നുള്ള വന്ദ്യപിതാക്കന്മാരെ ദൈവം തമ്പുരാൻ തെരഞ്ഞെടുത്തിട്ടുണ്ട്. ബഥനി ആശ്രമത്തിന്റെ ചുമതലയിൽ 1921 മുതൽ 1936 വരെ പ്രസിദ്ധീകരിച്ചിരുന്ന ബഥനി മാസിക മലങ്കര സഭയുടെ ആ കാലഘട്ടത്തിലെ വിശ്വാസ ജീവിതത്തിന്റെ നേർകാഴ്ചകളെ സഭയ്ക്ക് സമ്മാനിച്ച അതുല്യ പ്രസിദ്ധീകരണമായിരുന്നു. ആശ്രമത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ബഥനി മാസിക വീണ്ടും പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നമുക്ക് ഏറെ സന്തോഷമുണ്ട്. ഈ പ്രസിദ്ധീകരണം മലങ്കരസഭയ്ക്ക് മുഴുവനും പ്രയോജനകരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ഇതിന്റെ പുനഃപ്രസിദ്ധീകരണത്തിന് മുൻകൈ എടുത്ത ബഥനി ആശ്രമത്തെ നാം അഭിനന്ദിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

# ആശ്രമാദ്ധ്യക്ഷന്റെ സന്ദേശം

മലങ്കര സഭയുടെ വളർച്ചയ്ക്കും ആത്മീക നവോത്ഥാനത്തിനും വേണ്ടി സന്ന്യാസാശ്രമങ്ങൾ ഉണ്ടാകണം എന്ന പരിശുദ്ധ പിതാക്കന്മാരുടെ ചിന്തകളുടേയും പ്രാർത്ഥനകളുടേയും ഫലമായി അവരുടെ അനുഗ്രഹാശിസുകളോടെ 1918–ൽ ബഥനി ആശ്രമം സഭയിലെ പ്രഥമ സന്ന്യാസ സമൂഹമായി റാന്നി–പെരുന്നാട് എന്ന സ്ഥലത്ത് സ്ഥാപിക്കപ്പെട്ടു.

ബഥനിയുടെ ആദ്യകാല പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു ബഥനി മാസിക. മലങ്കരസഭയുടെ വിശ്വാസ സത്യങ്ങൾ, പിതാക്കന്മാരുടേയും, വിശുദ്ധന്മാരുടേയും ജീവചരിത്രങ്ങൾ, സണ്ടേസ്കൂൾ പഠനപദ്ധതി, ലോക ക്രൈസ്തവ വാർത്തകൾ, മർത്തമറിയം സമാജപ്രവർത്തനങ്ങൾ, സഭാ വാർത്തകൾ, വിവർത്തനങ്ങൾ, പ്രാർത്ഥനകൾ ഇവയായിരുന്നു ആദ്യകാല ബഥനി മാസികയിലെ പ്രധാന വിഷയങ്ങൾ.

1921–ൽ ആരംഭം കുറിച്ച ഈ മാസിക ആദ്യം കുന്ദംകുളം എ.ആർ.പി. പ്രസിൽ നിന്നും പിന്നീട് തിരുവല്ല ബഥനി പ്രസിൽ നിന്നുമാണ് അച്ചടിച്ചിരുന്നത്. ഫാ.പി.റ്റി. ഗീവർഗ്ഗീസ്, പുലിക്കോട്ടിൽ റമ്പാൻ, ആബൂന അലക്സിയോസ്, പാറേട്ട് തിരുമേനി തുടങ്ങി നിരവധി പേർ മുൻകാലങ്ങളിൽ ഇതിനു പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. 1936–നു ശേഷം ബഥനി നേരിട്ട പ്രതിസന്ധികളാൽ ഈ മാസികയുടെ പ്രസിദ്ധീകരണം നിലക്കുകയും ചെയ്തു. ഈ വർഷം ബഥനി ആശ്രമത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ബഥനി മാസിക – ത്രൈമാസികയായി വീണ്ടും പുനരാരംഭിക്കുന്നു. സഭയുടെ വിശ്വാസം, ചരിത്രം, ആരാധനാ, സാഹിത്യം, തുടങ്ങിയ വിഷയങ്ങളും, ബഥനിയുടെ അവധികാല ക്യാമ്പുകളിലെ ക്ലാസുകളും ആയിരിക്കും ഇതിലെ പ്രതിപാദ്യ വിഷയങ്ങൾ.

ഈ മാസികയുടെ പിന്നണിയിൽ പ്രവർത്തിച്ച ലേഖന കർത്താക്കൾ, പ്രൂഫ് റീഡിംഗ് നടത്തിയ പി. തോമസ് സാർ, ഇതിന്റെ പ്രന്റിംഗ് നടത്തുന്ന കോട്ടയം പെന്റാ പ്രസിനോടും, ഈ ലക്കം സ്പോൺസർ ചെയ്തിരിക്കുന്ന ബഥനിയുടെ വാത്സല്യവാനും അഭ്യുദയകാംക്ഷിയുമായിരുന്ന പരേതനായ ചുരുളക്കുഴി ബേബി സാറിന്റെ മകൻ ഡോ. ബിജുവിനോടും ബഥനിസമൂഹത്തിനുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.

**ആബോ മത്തായി OIC**
(സുപ്പീരിയർ)

# THE ORTHODOX FAITH VERSUS NON-ORTHODOXY AND PROTESTANTISM

**ALEXIOS MAR THEODOSIOS, O.I.C.**

Every one Who is in touch with the World Movements in Christendom is fully aware of the fact that there is a great longing on the part of various Churches and Denominations to be reunited and become one again. All those who love our Lord can hardly Tail to appreciate this spirit and should do all they can to help the cause of reunion of churches. What' indeed is the formidable obstacle that stands in the way? There is a good deal of misconception regarding the various theological terms and expressions accepted both by the Orthodox and the Non-orthodox Churches or the Protestant Denominations. The terms such as the Church, the Sacraments, the Priesthood, the Hierarchy, etc. do not connote the same meaning to the Orthodox and the Non-orthodox or the Protestants. The Orthodox conception of the Church, the Sacrament, the Priesthood, etc. is so very largely diffierent from that which is held by the Non-Orthodox and the Protestants. If there could be perfect agreement in meaning of the theological terms and expressions accepted and employed by the different bodies concerned a good deal of misunderstandings and difficulties could be overcome and the way for the reunion of Churches would become much clearer. What is aimed at in this address is to give you a skeleton of some of the essential elements of the Orthodox Faith of the Syrian Church of Malabar as contrasted with the teachings of Non-orthodoxy and Protestantism.

In a very broad outline I might say that the Orthodox Church differs widely from the Non-orthodox and Protestant churches in the following points : —

1. The conception of the Church.
2. The conception of Sacraments, especially the Holy Eucharist.
3. The conception of priest-hood.
4. The conception of Church administration.
5. The place given to Bible and Holy Traditions in the Church.
6. The importance given to worship.
7. The importance given to the Communion of Saints and the prayer for the departed.
8. The conception of re-union between Churches.

Each of these points, properly dealt with, will form a book by itself. I would simply attempt to touch on these points and pass off. Let us take them one by one.

**1. THE ORTHODOX CONCEPTION OF THE CHURCH.**

To all the Orthodox and Catholic people ‘ The Church is a divine Institution or Society or Brotherhood founded by our Lord to be the home of grace and truth which He came to bring to men; so that becoming His disciple, meant from the first this-In a real sense this only-incorporation into His society. This being the, case the Church is not created by men nor is it a voluntary association of men like a debating society or a company constituted for business purposes. It cannot be recreated from time to time in view of varying circumstances. It comes upon men from above. Hence it makes the claim of a divine Institution. It has the authority of Christ. Christ did not, according to this view, encourage His disciples to form societies; He instituted a society for them to belong to as the means of belonging to Him. This society is a visible one and incorporation into it or membership in it achieved through Holy Baptism is essential for salvation. It is the home of the new Covenant of salvation instituted by the Incarnate Son of God. Outside this home-the catholic church-no salvation is possible.” It is the home of divine grace and truth. It is the Body of Christ. It is the Bride of Christ, and the living temple of God. It is not an essentially incidental association of individuals as most of the Protestant and Non-orthodox people hold. The church, is God’s sphere of action on earth and the abode of the Holy Spirit. In this connection one should like to quote Dr. Dumphy of the American Episcopal Church, He says: The Protestant and Roman theories of the church have this in common, that they habitually view the church as primarily an

organisation rather than as an organism. But St. Paul's language demands we approach the church first and always from the organic point of view, not as a society or collection of societies based on the alliance of human wills, but as a living body, filled with the divine life, having Christ as its head, and the Holy Spirit as its soul. The church is to be one, as the Father and the Son are one, by unity of life, not merely of wills. The undivided Catholic Church of the first nine centuries laid great stress upon it, as has the Eastern Orthodox Church ever since, in common with many Anglicans and some Romans. The divine human life of our Lord extended to us through he Sacraments, makes the Church one.

"If we may resort to metaphor, Protestantism commonly views the relation of the individual Xtian to the church in a way analogus to a stone lying in a heap of other stones, a merely casual and external relation. Romanism is inclined to view it as similar as to the relation of a brick in a brick-wall, a more important relation but no less external and life-less than the former. But Catholicism (i.e. Orthodoxy) views it as resembling the relation of a cell or a limb in a living body to the body as a whole. The stone cast at random into a pile of other stones is not altered in its essence by its relation to them; a brick placed in a wall is not vitally altered or improved by its new position; but the tiniest bit of matter, taken into a living organism, is vitally changed and transformed by its relation to the organism as a whole. Such, according to historic Catholic doctrine, is the relation of the Xtian who has been baptised by the one spirit into the Body of Christ-His union with that Body is not external and casual as in Protestantism, nor external and mechanical, as in Romanism, but internal, organic and vital (as in Orthodoxy)".

The Church is the great family of God, the universal human brotherhood which is to draw all men into unity-a unity centering in God, the only possible centre of unity. Dr. Dumphy echoes the opinion of the Orthodox Churches when he says "The Church, then, is the soul of Christianity. The Church is the Body of Christ. To make these two statements may appear bold to the verge of rashness in these days of churchless Christianity-a natural enough reaction from a narrow sectarianism-but they are no more and no less than the truth of God. To say "I believe in the Holy Catholic Church" is to sum up the entire Xtian religion; it is to affirm that article of Christian faith which carries with it all the rest". I should leave the first point here, namely the Orthodox conception of the church, and pass on to the second.

## 2. THE ORTHODOX CONCEPTION OF SACRAMENTS ESPECIALLY THE HOLY EUCHARIST

Since the day of Pentecost, the day of the creation of the Xtian church, the ordinary way in which God bestowes grace on the souls of men is through the glorified humanity of our Lord and the working of God the Holy Spirit. The closest means of union with the glorified humanity of Christ, and the immediate mode of contact with God the Holy Ghost are in the Mystical Body of Christ, which is the Church. These are achieved through the use of the Holy Sacraments which are seven in number. They are not mere incidental symbols but effective means of grace. The merits of the Incarnate life of our Lord, especially His Passion and work of redemption are applied to our souls through these sacraments appointed and ordained by our Lord for our salvation.

The sacraments are mysteries but they are not magical. "A sacrament is an outward and visible sign of an inward and spiritual grace, ordained by Christ Himself as a means where by we receive the same and a pledge to assure us thereof." A sacrament according to the Orthodox or the Catholic teaching is not a bare sign or symbol of grace (as it is in many Protestant systems) but rather an efficacious sign that is to say, a sign which actually effects or conveys the grace of which it is a sign provided that the proper conditions are observed. Thus Baptism and Confession actually confer remission of 'sins, if the recipient is duly penitent. The Holy Qurbana or Eucharist if duly consecrated and received by a Xtian in a state of grace, is an effectual means of feeding upon Christ. Confirmation or the administration of Holy Muron confers a further strengthening gift of the Holy Spirit to the baptized that he may become a true soldier of Christ. Through the sacrament of Holy Order or laying on of hands the Holy Spirit is given for the work of ministry. The sacrament of matrimony enables married Xtians to fulfil the duties of family life. Holy Unction confers upon the sick and the dying graces suitable to their condition, including in many cases actual healing.

The sacraments are scriptual. They are never unspiritual and materialistic in tendency.Neither are are they magical charms. They are called mysteries because we do not know how the Holy Spirit works in a sacrament but we know that He works in and through it. To be deprived of sacraments is to be deprived of salvation In support of some of my statements above I should like to quote Dr. Dumphy before **I leave of** this second point. He says: protestantism

in general regards the sacrament as incidental symbol, rather than as a vital reality ministering to the organic life of the Christ Body, and hence treats the question of the priesthood and the Apostolic succession as non-essential. Romanism on the other hand, treats priesthood as practicaly a, caste, set over against the Church ..... But according to the truly Catholic (i.e. Orthodox) conception the priesthood is simply an organic differentiation within the Body of Christ – the priest acts always for, with and on behalf of the organism as a whole, which is itself a priestly Body".

Now think of the Orthodox conception of the Holy Eucharist. It holds the central position amongst the sacraments. It is the heart, so to say, of the whole system. It is the continuation of the Sacrifice of our Lord on Calvary and the representation of His heavenly sacrifice here on earth whereby the faithful associate themselves with the perpetual pleading of our Lord in Heaven. It is the unbloody sacrifice wherein the whole of the Incarnate life of our Lord on earth is commemorated. After the consecration of bread and wine in the Eucharist they are mystically changed into the Body and Blood of our Lord and hence the teaching that our Lord is really and objectively present on the altar in the Holy Eucharist under the forms of bread and wine after a spiritual and immaterial manner. Those who receive the Holy Communion are really partaking of the Body and Blood of our Lord. The Orthodox deny the transubstantiation theory of the Romanists as well as the Receptionism and the Symbolism theories of the Protestant and the Non-orthodox. These latter deny the sacrificial aspect of the Holy Eucharist and the real presence of our Lord in the same. To them it is only a spiritual act to commemorate the death of our Lord and no forgiveness of sins imparted to those who receive the Holy Communion, however worthily. To the Orthodox it is the central act of worship in the Church on every Sunday and days of obligation, failure to join in the same being considered as a sin of omission.

### 3. THE ORTHODOX CONCEPTION OF PRIESTHOOD

The priest is the ambassador of Christ. To the Protestants and the Non-orthodox, priesthood is only an office. It does not impress a character on, nor does it convey any charisma to, the recipient of the priesthood. To them the priest is only the pastor of souls and is not ordained by our Lord to offer scarifies for and on behalf of His people. By virtue of his ordination he is given the power and authority to forgive the sins of the people in the Name of God the

Father, the Son and the Holy Spirit. But the Protestants and the Non-orthodox brethren in general deny this authority, (viz), the power of the keys as it is technically called. They may accept the theory of Apostolic succession but deny the doctrine involved in it, namely the transmission of Ministerial grace through the laying on of hands of the Bishops. The Orthodox never would accept the lay ministeration of any of the sacraments. They cannot conceive of a Church Catholic without a validly ordained three fold ministry of Bishops, Priests and deacons. Where there is no valid ministry there cannot be any valid sacraments; which means that in such a church the salvation of souls is jeopardized. Episcopacy is not a matter of mere convenience, or an ornament to the Church.But the very ease or core of the church St. Ignatius has rightly said "Where there is the Bishop there is the Church". In support of my statements I would like to quote a statement recently published by Canon Frederick Hood, principal of Pusey House, Oxford. He says "Historically the organ irreplaceable, in all vital acts of the Church, has been the Episcopate. Recent study of the subject tends to show that the Episcopate is in origin not a mere organ of government-which in early ages centered in the presbyter are rather than in the Bishop- but a liturgical ministry. The Bishop is the priest who offers the Eucharistic worship of the Church, because he is pre-eminently the person endowed with the spirit which he confers upon every Xtian at initiation by the gift which we now know as confirmation. As such he is too is the ex-officio prophet of the Church and therefore her authorised teacher, the supreme doctrinal authority, as the Church was to insist in opposition to the Gnostics.

In other words, the episcopate in the early church is a specialised and essential organ of the Church and, as we have seen, without organs of this kind the Church would not be a body but a loose group of individuals. As Ignatius puts it "Without these (deacons bishop and the presbyters) it is not called a Church".

### 4. THE ORTHODOX CONCEPTION OF CHURCH ADMINISTRATION.

The church being a divine Institution founded by our Lord its system of administration is Episcopal or Hierarchical. To the Orthodox the synod of bishops is the supreme authority in the church in all matters of Faith, Order and discipline. Instead, the Non-orthodox and Protestant churches vest this authority in a council composed of bishops, priests and laymen where even

matters of Faith, Doctrine, Order and Discipline are decided by a majority vote.

**5. THE PLACE GIVEN TO BIBLE AND HOLY TRADITIONS IN THE ORTHODOX CHURCH.**

The Bible is the inspired word of God and as such it is venerated and held in high respect but it never supersedes the church nor is it something instead of the church, the supreme criterion of truth and all His teaching. Our Lord did not write an all authoritative book in the sense that He founded the Church and made it the depository or home of truth and grace. It is not the one only unerring test of the whole truth and Faith as taught by our Lord. The Church teaches and the Bible proves. It is the Church that determined the canon of the Bible and not vice versa.

The Orthodox lay great emphasis on the Holy Traditions of the Church and pay almost equal importance to them as to Bible itself which position of course, is unacceptable to the Protestants and the Non-orthodox. Following these Holy Traditions, the teaching of the Bible, and the example of our Lord and His Apostles the Orthodox insist on the observance of Feasts, Fasts and Saints' days-

**6. THE IMPORTANCE GIVEN TO WORSHIP IN THE ORTHODOX CHURCH.**

The only proper worship known to the Orthodox is Liturgical worship. On Sundays and days of obligation they would not think of substituting any other form of worship instead.

All their worship is centered in the Liturgy. The Liturgy commonly used is the Liturgy of St. James, the most ancient Liturgy in the world. A true Catholic, Apostolic church is one in which very great emphasis is laid on Liturgical worship and provision made for the same. The Non-orthodox and the Protestants hold a different view from this.

**7. THE IMPORTANCE GIVEN BY THE ORTHODOX TO THE COMMUNION OF SAINTS AND THE PRAYER FOR THE DEPARTED.**

To the Orthodox the Church is all inclusive in the sense that it comprises both the living and the dead. That is to say she is composed of all the members of the whole family whether living or departed. The departed are hidden in the living body of Christ namely the Church which meets with no destruction and against

which the gates of hell cannot prevail. They are not in a state of sleep after death, only they have passed from one condition of life to another. Our Lord says: “He that believeth in me, though he were dead, yet shall he live”. (St. John 11: 25) On this conception the Church bases its doctrine of the communion of saints and the prayer for the departed. For the fullness of the Catholic teaching the necessity of accepting these doctrines cannot be overlooked’ These doctrines are a stumbling block to the Non-orthodox and Protestants. To illustrate my point I shall quote Dr. Dumphy again. He says: Protestantism rudely snaps the organic link which binds the faithful departed to ourselves; it neither prays for them nor asks their prayers. “Out of sight out of mind” is its working principle. Romanism treats the church as a three-storey house consisting of the ground floor, the Church militant; the attice, the Church triumphant; and the cellar, the Church suffering or expectant. The church on earth is practically a separate body needing a separate head of its own Also, it makes a sharp and rigid division between those it prays for and those it prays to, between those whom we help and those who help us. True Catholicity (Orthodoxy) prays for and with the whole church, on earth or departed, and asks the prayers of all. Thus Orthodox Easterns not only ask the prayers of the Holy Mother, but also, in their venerable Liturgy, pray for her and all the saints, as member of the one Body of Christ; and similarly an Orthodox boy will pray for his mother at her grave, then kneel and ask her prayers. This surely is the true doctrine of the communion of saints-the fellowship of prayer and life of the one Body in the one Spirit”. In this connection hear also what Canon Frederic Hood, the principal of Pusey House, Oxford. says: “The Church is not merely the church here and now-the church militant-but includes the church of the past now triumphant in heaven”, (Some problems connected with the proposed scheme of Church Union in S. India, P. 15.)

**8. THE ORTHODOX CONCEPTION OF RE-UNION BETWEEN CHURCHES.**

It is our Lord’s great prayer and desire that all the churches in Christendom should be one. During the last twenty or thirty years very many Ecumenical Movements have been set on foot with this end in view of which the Lusan Conference of 1927 and the world conference on Faith and Order held in Edinburgh in 1937 head the list. Here in S. India you have the S.I.U.C. also.

Now let me put down in general terms some of the principles and

Doctrines which we, the Orthodox, consider very important to preserve in a scheme of re-union of this type. When the Protestants speak of reunion that. Which is uppermost in their minds is a sort of loose federation of the uniting bodies. This is entirely contrary to the idea of reunion, based on unity in Faith, unity in Doctrine, unity in Sacraments and unity in Orders. The Orthodox cannot conceive of any reunion except on these four bases. By this they do not mean the absorption of one body by another as the Roman Catholics hold, but of an organic unity with diversity in unity. To the Protestants and to some of the Non-Orthodox Churches inter-communion is the basis or the starting point in a scheme of reunion, while to the Orthodox, it is the climax or the final goal of such a scheme. It is only the index of the organic unity and internal harmony which exist among the uniting bodies or churches:

To illustrate the fundamental difficulty that lies in the way of reunion between churches one cannot do better than quoting a portion from the editorial notes of the "Church Times" of June 11-1942. It is as follows : " There are two ultimate conceptions about the Church's nature. One is that it is a human invention, the constitution of which is decided by local option and expediency. The other is that the Church is a divine institution, owing its origin to Christ, endowed with supernatural gifts, possessing a divinely intended constitution of its own. It is obvious that these two conceptions are mutually exclusive. The Church's claim on human allegiance is utterly different according as the one or the other is accepted. If the former conception is held the claim of the church is immeasurably inferior, if the latter, then its adherent will naturally regard his membership or the church as dearer than life itself..... This alternative is of the utmost practical importance. The existence of these two contrary conceptions about the church is one of the most serious obstructions against xtian re-union. How can solid lasting unity be attained between those who regard the church as a mere human association, and those who are convinced that it is a divine creation......' Those who support the S. India scheme and advocate the interchange of pulpits might consider these questions involved".

# സന്ന്യാസത്തിന്റെ പാത

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

"വാൾത്തലപ്പു പോലെയുള്ളതാണ് സന്ന്യാസത്തിന്റെ പാത. അത് എല്ലാവർക്കുമുള്ളതല്ല. അതീവ ഭാഗ്യം ചെയ്ത ചിലർക്കു മാത്രമുള്ള താണ്. നിർമമത്വവും ആത്മജ്ഞാനവും ഈ പാതയിൽ അവശ്യം ആവ ശ്യമായ രണ്ടു സംഗതികളാണ്." (സ്വാമി രാമ)

സന്ന്യാസം ദൈവദൂതന്മാരുടെ ജീവിതമാണെന്നാണ് ഗുരുക്കന്മാർ ചൊല്ലിത്തന്നിട്ടുള്ളത്. ഭൂമിയിലെ സാമാന്യജീവിതത്തിൽ പാരത്രികരായ മാലാഖമാരുടെ ജീവിതത്തിന് എന്ത് പ്രസക്തി? പരമലക്ഷ്യം, സായൂ ജ്യമോ, ദൈവീകരണമോ, ആത്മസാക്ഷാത്കാരമോ, മോക്ഷപ്രാപ് തിയോ, എന്തുമാകട്ടെ, ആയതിന് സന്ന്യാസം അനിവാര്യമോ? ലോക ത്തിൽ അദ്ധ്വാനിച്ചു കഴിഞ്ഞുകൂടുന്നവർക്ക് ഉന്നതമായ ആത്മികലക്ഷ്യം അപ്രാപ്യമോ? അഥവാ എന്താണീ സന്ന്യാസം?

എക്കാലവും ഉയർന്നിട്ടുള്ള ചോദ്യങ്ങളും സന്ദേഹങ്ങളുമാണ് മേല്പ റഞ്ഞവ. വ്യവഹാരിക ലോകസ്ഥിതിയിൽ നിന്നകന്നുയർന്നു വർത്തി ക്കുകയും, അതേ സമയംതന്നെ, അന്യാദൃശ്യമായ നിലയിൽ മാനവ സേവ നിർവഹിക്കുകയും ചെയ്തിട്ടുള്ളവർ എക്കാലത്തും ഉണ്ടായി ട്ടുണ്ട്; ഔപചാരികമായി, അവർ 'സന്ന്യാസം' എന്ന ലേബൽ ധരിച്ചിട്ടി ല്ലെങ്കിൽപ്പോലും. പേരിനു സന്ന്യാസികളായി കാണപ്പെടുകയും, എന്നാൽ അതിന്റെ സാരാംശം അവരിലേക്ക് സംക്രമിക്കാതെ, ലോക മമതയിൽ മുങ്ങിപ്പൊങ്ങി കാലം പോക്കിയവരുമുണ്ടാകും. വർജ്ജനം എന്ന തത്വം മതാന്തരീക്ഷത്തിൽ മാത്രമല്ല, ഈശ്വരവിശ്വാസലേശമി ല്ലാത്ത സാഹചര്യങ്ങളിലും, മതാതീത തലങ്ങളിലും വേരൂന്നിയിട്ടുണ്ട്. സന്ന്യാസജീവിതപാത തെരഞ്ഞെടുത്തവർക്കായി സംവരണം ചെയ്തി ട്ടുള്ളതാണ് മോക്ഷപ്രാപ്തി എന്ന വാദത്തിനു വലിയ പിൻബലമില്ല.

കുടുംബജീവിതത്തിലും ലോകവ്യാപാരങ്ങളിലും ഉൾപ്പെട്ടിട്ടും, ധർമ്മിഷ്ഠരായി കഴിഞ്ഞുകൂടിയവർ എല്ലാ തലമുറകളിലും ഉണ്ടായിട്ടുമുള്ളതാണ് അതിന്റെ തെളിവ്.

## അപ്പോൾ സന്ന്യാസമാർഗ്ഗത്തിനെന്തു പ്രത്യേകത?

'വർജ്ജനം' സൃഷ്ടിക്കും മനുഷ്യസ്വഭാവത്തിനും ഉള്ളിൽത്തന്നെയാണ്, അവയ്ക്കു പുറത്തല്ല. വർജ്ജനം, തൃഷ്ണ കൈവിടൽ, ധ്യാനം, ബ്രഹ്മചര്യം, മാനവസേവനം എന്നിവയുടെ ജീവിതമാതൃകകൾ തുടക്കം മുതലേ കാണുന്നുണ്ട്. ഒരർത്ഥത്തിൽ, വർജ്ജനം എല്ലാ ജീവജാലങ്ങളെയും ബാധിക്കുന്ന പൊതുനിയമമാണ്. യഥാർത്ഥത്തിൽ, 'നിയമം' ബന്ധനമല്ല; സൃഷ്ടിയുടെ നിലനില്പനും ഉത്ക്കർഷത്തിനും ഹേതുവാകുന്നതുതന്നെ. ഏതു മനുഷ്യജീവിക്കും 'തുണ' വേണ്ടിയിരിക്കുന്നു എന്ന് സ്രഷ്ടാവിനുതന്നെ ബോധ്യം വന്നുവെന്ന് ബൈബിൾ പറയുന്നു. സന്ന്യാസമായാലും, അല്ലാത്തതായാലും അവിടെയെല്ലാം 'തുണ' ഒരു പൊതുതത്ത്വമാണെന്നു സിദ്ധിക്കുന്നു; കാരണം, തുണയില്ലാതെ ആർക്കും നിലനിൽക്കാനാവില്ല. ഈ തുണാസഹായം നൽകുന്നതു മനുഷ്യൻ തന്നെ ആകണമെന്നില്ല. പ്രകൃതിക്കും, പ്രകൃത്യാതീതമായതിനും 'തുണ'യുടെ റോൾ കൈയാളാനാവും. പരമമായി വിവക്ഷിച്ചാൽ, ആത്മികനിലയിലും ഭൗതികനിലയിലും ഈശ്വരന്റെ തുണ കൂടാതെ ഒരു സൃഷ്ടിക്കും നിലനില്പില്ല. അഥവാ, അങ്ങനെയല്ലാതെയും നിലനില്ക്കാമെന്ന പൊള്ളയായ ചിന്ത, സർവ്വനാശത്തിനു വഴിവയ്ക്കുമെന്ന്, ആദ്യമാതാപിതാക്കളുടെ പറുദീസാവാസത്തിന്റെ പൊടുന്നനേയുള്ള അന്ത്യം പറഞ്ഞുതരുന്നുണ്ട്.

കേവലം അവിവാഹിതജീവിതത്തെ 'സന്ന്യാസ'മെന്നു കരുതുന്നത് അർത്ഥശൂന്യമാണ്. അല്ലെങ്കിൽ ഏതുതരം പട്ടിണിയെയും 'നോമ്പ്' എന്നു വ്യവഹരിക്കേണ്ടിവരും. ധീരന്റെ ആയുധമാണ് അഹിംസ എന്ന് മഹാത്മജി പറഞ്ഞതിൽ കഴമ്പുണ്ട്. തന്നെ ആക്രമിക്കാനെത്തുന്നവനെ എതിർത്തു തോല്പിക്കാനാവാത്ത നിസ്സഹായാവസ്ഥയിൽ നിന്നുണ്ടാകുന്നത് ഭയവും ആകുലതയുമാണ്, 'അഹിംസ'യല്ല. തനിക്കുള്ളതോ, സാദ്ധ്യമായതോ ആയതിനെ സ്വേച്ഛ ഉപയോഗിച്ച് വേണ്ടെന്നു വയ്ക്കുന്ന വജ്രായുധമാണത്. കിട്ടാത്തതു വേണ്ടന്നു വയ്ക്കാൻ വലിയ ബുദ്ധിവിശേഷവും ഇച്ഛാശക്തിയും അനിവാര്യമല്ല. (എന്നാൽ ഒരിക്കലും കിട്ടാൻ സാദ്ധ്യമാകാത്തതിനെ ആയുസ്സു മുഴുവൻ പ്രതീക്ഷിച്ച്, സ്വപ്നലോകത്ത് കഴിഞ്ഞുകൂടുന്നവരെക്കുറിച്ചല്ല ഇവിടെ പരാമർശനം).

കാമം, ക്രോധം, മോഹം, എന്നിവ മാത്രമല്ല അന്തസ്സുപോലും എറിഞ്ഞുകളയുന്നവർക്കേ സന്ന്യാസത്തിലേക്ക് ചുവടുവയ്ക്കാനാവൂ. മറ്റെല്ലാം ഉപേക്ഷിച്ചാലും ശേഷിച്ചിരിക്കുന്നതാണ് അഹംകാരവും മാന്യതാബോധവും. അവയെയുംകൂടെ വിട്ടുകളയാതെ സന്ന്യാസത്തിന് അർത്ഥമുണ്ടാവില്ല. സന്ന്യാസം സ്വീകരിക്കുന്നവർ, ഭിക്ഷയെടുത്ത് ജീവിച്ചുകൊള്ളണമെന്ന ഉപദേശത്തിൽ, വ്യർത്ഥാഭിമാനത്തിന് അറുതിവരുത്താനുള്ള ശക്തമായ ആദേശമാണല്ലോ. എല്ലാത്തരം മമതയും ഉപേക്ഷിക്കലാണ് ഈ പാതയിലെ ആദ്യപടി. ഏറ്റവും പ്രിയപ്പെട്ടവർ ഉൾപ്പെടെയുള്ള മറ്റു മനുഷ്യർ, ഇതര ജീവജാലങ്ങൾ, ഉപഭോഗവസ്തുക്കൾ, ജീവിതസൗകര്യങ്ങൾ, ആഡംബരം മുതലായവയോട്, സാമാന്യമായി മനുഷ്യമനസ്സിന് ഒടുങ്ങാത്ത തൃഷ്ണയുണ്ടായിരിക്കും. സന്ന്യാസമെന്നാൽ, സന്ന്യാസവസ്ത്രസ്വീകരണവും, പരസ്യമായി ശപഥങ്ങൾ (വ്രതങ്ങൾ) സ്വീകരണവും ആണെന്നുള്ള മിഥ്യാധാരണ വലിയ അപകടം പിടിച്ചതാണ്. യഥാർത്ഥ സന്ന്യാസത്തെ കൊഞ്ഞനം കുത്തുന്നതായിരിക്കും ഇത്തരം പൊയ്മുഖങ്ങൾ. ത്യാഗമില്ലാതെ യോഗിയുമില്ല; സന്ന്യാസവുമില്ല. മനസ്സിൽ നിന്നു തൃഷ്ണകളും, താല്പര്യങ്ങളും, ലോകമയത്വവും, കാമക്രോധാദികളും പിഴുതെറിയാതെ, സന്ന്യാസവേഷത്തിൽ കാണപ്പെടുന്നത് അർത്ഥശൂന്യമാണ്; അപകടകരവുമാണ്. പ്രഭാഷണങ്ങൾ വഴിയോ, അനുഷ്ഠാനങ്ങൾ വഴിയോ, അനായാസേന കൈവരുന്നതല്ല, ഇത്തരം askesis. ക്രമശ്ശഃ നിർബന്ധബുദ്ധിയോടെ ശീലിച്ച്, അധ്വാനത്തോടെ നടപ്പിലാക്കുമ്പോൾ അതീന്ദ്രിയവും അലൗകികവുമായ ഒരു ശാന്തി അനുഭവപ്പെടും. യോഗികളും സന്ന്യസ്ഥരും ഇതിനെ hesychasm എന്നു വിളിക്കുന്നു. ഇത് കേവലം ഒരു വൈകാരികഭാവമല്ല; അങ്ങനെയായാൽ അതിനു നിലനില്പുമില്ല. വൈകാരികമായി, പൊടുന്നനേ തീരുമാനം ചെയ്ത്, സർവ്വസംഗ പരിത്യാഗികളായി പുറപ്പെട്ടിട്ടുള്ളവരിൽ പലരും, അധിക ദൂരമെത്തുന്നതിനു മുമ്പ് 'യാത്ര' അവസാനിപ്പിച്ചിട്ടുണ്ട്.

അടിസ്ഥാനപരമായി, ദൈവകല്പന ഏറ്റുവാങ്ങി, ഈശ്വരനെയും മനുഷ്യരെയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്യാൻ മനസ്സാകുന്നവർ, അവരുടെ ലൗകികാശകളും, ആവശ്യങ്ങളും ചുരുക്കുന്നു. കുറേ കഴിയുമ്പോൾ അതുതന്നെ ഉൾക്കാമ്പുള്ള സ്വഭാവമായി, വ്യക്തിത്വത്തിന്റെ ഭാഗമായി മാറും. വ്രതങ്ങൾ അവർക്ക് കേവലം നിയമങ്ങളല്ല, അവരുടെ അസ്തിത്വത്തിന്റെ അടിസ്ഥാനശിലകളാണ്. ഈശ്വരനിൽ ആരംഭിച്ച് പ്രകൃതിയിൽ പ്രസ്പഷ്ടമാകുന്ന, മമതാരാഹിത്യമെന്ന ദാരിദ്ര്യം, അവിടെ ബന്ധമല്ല, പ്രപഞ്ചസത്യത്തോട് ഇഴുകിച്ചേരലാണ്. ധനവും സ്വത്തുക്കളും വിട്ടുകളയാം; എന്നാൽ അവയിലും ഗുരുത്വ

മുള്ള സ്ഥായിയായ തൃഷ്ണകളോടു വിട പറയുന്നത് 'ദാരിദ്ര്യം'തന്നെ. എല്ലാം ഈശ്വരന്റെ ദാനവും കാരുണ്യവുമായി കാണുന്നവൻ, യാതൊന്നിന്റെയും 'ഉടമ'യാകുക അസാധ്യം. മറിച്ച്, നിയമം മൂലം, ചിലതെല്ലാം വർജ്ജിക്കാൻ നിർബന്ധിക്കപ്പെടുകയും, 'മനസ്സില്ലാ മനസ്സോടെ' അങ്ങനെ ചെയ്യുന്നതിനു തയ്യാറായാലും, കണ്ണും മനസ്സും സൃഷ്ടവസ്തുക്കളിൽ ഉടക്കിക്കിടക്കും. അതുകൊണ്ട് ആർക്കും ഗുണമുണ്ടാകില്ല.

അതേ രീതിയിൽ, അനുസരണം എന്നത് ഒരു വ്യക്തിയുടെ ആജ്ഞാനുവർത്തിയായി നിൽക്കുന്നു എന്നതല്ല. പ്രപഞ്ചവ്യവസ്ഥിതിയിൽ എല്ലാ സൃഷ്ടികളും, ഈശ്വരന്റെ ആജ്ഞയിൽ കീഴാണ് നിലനിൽക്കുന്നതും പുലരുന്നതും. അനുസരണത്തിന്റെ കേവലപാഠങ്ങൾ പ്രകൃതിയിൽ നിന്നുതന്നെ സ്വായത്തമാക്കാം. പ്രപഞ്ചം ഒരു വ്യവസ്ഥിതിക്കു വിധേയമായാണ് വർത്തിക്കുന്നത്, ശാസ്ത്രത്തിന് ചില വ്യവസ്ഥിതികളും നിബന്ധനകളും അനിവാര്യമാണല്ലോ. വിശാലമായ പ്രപഞ്ചവ്യവസ്ഥിതിയെ കുറേശ്ശെ ഗ്രഹിച്ചുകൊണ്ടാണ് ശാസ്ത്രം പുരോഗതി പ്രാപിക്കുന്നതും. എവിടെയും പൊതുവായ അനുസരണത്തിന്റെ അനുരണനങ്ങൾ ദൃശ്യമാണ്. സ്വാർത്ഥതയും, താൻപോരിമയും, അനുസരണമെന്ന വ്യവസ്ഥിതിക്കു നിരക്കുന്നവയല്ല. ഈശ്വരവ്യവസ്ഥിതിക്കു വിധേയപ്പെടുന്നവൻ, അതിന്റെ ഗുണഭോക്താവായി മാറുന്നു. ഇത്തരം ഉദാത്തമായ അനുസരണത്തിന്റെ പാഠങ്ങൾ ഓതിത്തന്നതും, കാട്ടിത്തന്നതും യേശുക്രിസ്തുവാണ്. പൂർണ്ണമായി അനുസരിക്കുന്നവൻ, പ്രകൃതിശക്തികളെപ്പോലും ജയിക്കുവാൻ പ്രാപ്തനാകുന്നു. അനുസരണത്തിന്റെ ദീപ്തമാതൃകകൾ പഴയ-പുതിയ ഭാഗങ്ങളിൽ ലഭ്യമാണ്. അനുസരണം അതിന്റെ ഉന്നതാവസ്ഥയിൽ സന്ന്യാസാന്തരീക്ഷത്തിൽ വെളിവാകുന്നുണ്ട്. ഗുരു, പിതൃതുല്യനാണ്. ശിഷ്യന്റെ നന്മ മാത്രമാണ് ഗുരുവിന്റെ ലക്ഷ്യം. ഗുരു ശിഷ്യന് എല്ലാം നൽകുന്നു. അനുസരണവും വിധേയത്വവുമാണ് ശിഷ്യന്റെ ശക്തി. അവിടെ അനുസരണം ഭാരമല്ല; സ്നേഹവും സുരക്ഷിതത്വവുമാണ്. ഗുരു ഈശ്വരതുല്യനാകയാൽ, അന്തിമമായി ശിഷ്യൻ ഈശ്വരനെയാണ് അനുസരിക്കുക.

ബ്രഹ്മചര്യം എന്നതിനും അതിവിശാലമായ അർത്ഥമുണ്ട്. ലോകംതന്നെ തറവാടായി കണ്ട്, ദൈവത്തിൽ, എല്ലാറ്റിനെയും സ്നേഹിക്കുന്നു എന്നതാണ് അതിന്റെ ആത്മാവ്. നോക്കിക്കാണുന്ന വ്യക്തിയുടെ ശരീരഘടനയും, ഭംഗിയുമാണ് സാമാന്യമായി കണ്ണിൽ പതിയുന്നത്. ശരീരത്തോടുമാത്രമുള്ള അഭിനിവേശം, മാംസബദ്ധമായ വികാരങ്ങളിലേക്കു നയിക്കുമ്പോൾ, മറ്റുള്ളവരെ ആദരവോടെ വീക്ഷിക്കുകയും അവരിൽ

ഈശ്വരാംശം ദർശിക്കുകയും ചെയ്യുമ്പോൾ 'ബ്രഹ്മത്തിൽ ചരിക്കാൻ' തുടങ്ങുന്നു. ഇടുങ്ങിയ തലത്തിൽ നിന്ന് വിശ്വവ്യാപകമായ തലത്തിലേക്ക് ഭ്രാതൃഭാവം വളരുന്നതാണ് യഥാർത്ഥ ബ്രഹ്മചര്യം, ഒരു വ്രതം സ്വീകരിച്ചിട്ട് ലൗകികതയെ സ്വപ്നം കാണുന്നതല്ല. വാസ്തവത്തിൽ, അവിവാഹിതരായി കഴിയുന്നത് അത്ര വലിയ ത്യാഗവുമല്ല!

ഇത്തരത്തിലുള്ള വ്രതസ്ഥർ സമൂഹത്തിന്റെ നട്ടെല്ലും, സ്വാസ്ഥ്യകാരണവുമാണ്. അവർ മൂലം ലോകത്തിലെ അനർത്ഥങ്ങൾ കുറയും (മത്തായി 24:23). അവർ തങ്ങളെത്തന്നെ വെടിഞ്ഞ്, ഈശ്വരനെയും ലോകത്തെയും സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും തയ്യാറാകും. സന്ന്യാസവൃത്തിയെ Profession എന്നു പറയാറുണ്ട്. ലോകത്തിൽ പരിചിതമായ മറ്റു Professions പോലെ ഒന്നല്ല ഇത്. ഈശ്വരൻ ലോകത്തെ എങ്ങനെ കരുതുന്നുവോ, അങ്ങനെ കരുതാൻ ശീലിക്കുന്നത് ഒരു തൊഴിലല്ല, ഈശ്വരനെപ്പോലെയാകുകയാണ്. ഓർത്തഡോക്സ് ആത്മികപാതയിൽ അതിനെ Theosis എന്നു വിളിക്കും. സഭയ്ക്ക് ലോകത്തിന് നന്മയുടെ സാക്ഷ്യം നൽകാനുള്ള വിളിയാണ് കിട്ടിയിരിക്കുന്നത്. സന്ന്യസ്ഥർക്കും അല്ലാത്തവർക്കും അതിൽ പങ്കുണ്ട്. എന്നാൽ, സന്ന്യസ്ഥർക്ക് അതിനു സാധ്യതയേറുമെന്നതാണ് വാസ്തവം. വ്രതാനുഷ്ഠാനം, ഉപവാസം, മൗനം, ദണ്ഡനമസ്കാരം, സ്നേഹാചരണം, ശരീരാദ്ധ്വാനം മുതലായ സുകൃതാഭ്യാസങ്ങൾ വഴി സ്വായത്തമാകുന്ന ആത്മീയ അച്ചടക്കം സന്ന്യസ്ഥർക്ക് ഉണ്ടാകണമെന്നതാണ് സന്ന്യാസത്തിന്റെ വ്യവസ്ഥ. അതിൽ ത്യാഗമുണ്ടാകണം. സമൃദ്ധിയും സുഖലോലുപതയും, ധനതൃഷ്ണയും, അധികാരദുരയും ഇപ്പറഞ്ഞതിനെയെല്ലാം ഹനിക്കാൻ പോരുന്നവയാണ്.

ഒരു സന്ന്യാസിയാവുക മഹത്തായ കാര്യമാണ്. യഥാർത്ഥത്തിൽ ഒരു സന്ന്യാസിയാവുക ഏറെ പ്രയാസമുള്ള കാര്യവുമാണ്.

# പരിശുദ്ധ മാമോദീസായും ക്രിസ്തീയ സ്വത്വവും

ഫാ. എബ്രാഹാം തോമസ്

ദൈവശാസ്ത്രമെന്നാൽ ദൈവത്തെ അറിയുക എന്നാണ്. ദൈവത്തെ അറിയുന്നവൻ അവിടത്തെ ആരാധിക്കുന്നു. ആരാധിക്കുമ്പോൾ ദൈവത്തെ അറിയുവാനുള്ള ആഗ്രഹം വർദ്ധിക്കുന്നു. ദൈവശാസ്ത്രം അഥവാ ദൈവത്തെ അറിയുക, ആരാധിക്കുക എന്നിവ ഇപ്രകാരം പരസ്പരപൂരകമായി വർത്തിക്കുന്നു. പരിശുദ്ധ മാമോദീസാ ഏറ്റ ശരാശരി ക്രിസ്ത്യാനിയുടെ സാമൂഹികജീവിതം എല്ലാ അർത്ഥത്തിലും ദൈവത്തെ അറിയുന്നതിലും ദൈവത്തെ ആരാധിക്കുന്നതിലും അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ ദൈവശാസ്ത്രം, ആരാധന, സാമൂഹികജീവിതം എന്നിവ പരസ്പരബന്ധിതമായി തുടരുമ്പോഴാണ് ക്രിസ്തീയജീവിതം അർത്ഥപൂർണ്ണമാകുന്നത്. അതേപോലെ തന്നെ ആരാധനാക്രമങ്ങൾ ദൈവശാസ്ത്രതത്ത്വങ്ങളിൽ അടിസ്ഥാനപ്പെട്ടും, ദൈവശാസ്ത്രതത്ത്വങ്ങൾക്ക് ആരാധനാക്രമങ്ങൾ ആധാരവുമാകുന്നു. ദൈവശാസ്ത്രതത്ത്വങ്ങളും ആരാധനാക്രമങ്ങളും എല്ലാ വിശുദ്ധ കൂദാശകളും ജീവിതഗന്ധിയായി ഉള്ളതുതന്നെയാണ്. സാധാരണ ജീവിതത്തോട് ബന്ധമില്ലാത്ത ഒരു ദൈവശാസ്ത്രചിന്തയോ, ആരാധനയോ, കൂദാശയോ പൗരസ്ത്യപാരമ്പര്യത്തിൽ ഇല്ല. പരിശുദ്ധ കൂദാശകളിലെ പ്രാർത്ഥനകൾ മേല്പറഞ്ഞ സർവ്വസംഗതികളെയും എല്ലാ അർത്ഥത്തിലും സാധൂകരിക്കുന്നവയാണ്. ഉദാഹരണമായി പരിശുദ്ധ മമോദീസായുടെ സെദ്റാ പ്രാർത്ഥന നമ്മുടെ ജീവതത്തിന്റെ അർത്ഥവും പാഠവും അതിന്റെ സകല സാധ്യതതകളോടും കൂടെ നമ്മെ പഠിപ്പിക്കാൻ പോരുന്നവയാണ്. ഒരു ക്രിസ്ത്യാനിയുടെ സ്വത്വത്തിലേക്ക് വെളിച്ചം വീശുന്ന അനേക കാര്യങ്ങൾ ഈ സെദ്റാ പ്രാർത്ഥന നമ്മുടെ മുമ്പിൽ നിരത്തുന്നു.

## കാവലിനു വേണ്ടിയുള്ള ജീവമുദ്ര പ്രാപിക്കുക

പരിശുദ്ധ മാമോദീസായുടെ നിർവചനമെന്നവണ്ണം സെദ്റാ പ്രാർത്ഥനയിൽ അത് കാവലിനു വേണ്ടിയുള്ള ജീവമുദ്രയെന്ന് പറഞ്ഞിരിക്കുന്നു. മാമോദീസാ നമുക്ക് ദൈവിക കാവലിനാണ്; അത് നമുക്ക് ജീവന്റെ മുദ്രയാണ്. നമ്മെ സംബന്ധിച്ചോ, നമ്മുടെ അടുത്ത തലമുറയെ സംബന്ധിച്ചോ ഉള്ള സംരക്ഷണത്തിൽ നമുക്ക് സംശയവും അരക്ഷിതത്വവും നമ്മുടെ ജീവിതത്തിൽ അനുഭവപ്പെടുമ്പോൾ, നാം ദൈവിക കാവലിനു വേണ്ടി ജീവമുദ്ര പ്രാപിച്ചവരാണ് എന്ന ബോദ്ധ്യം നമുക്ക് ആശ്വാസഹേതുവാകേണ്ടതാണ്. അതുമാത്രമല്ല, നാമും നമ്മുടെ തലമുറയും ദൈവിക ഉടമസ്ഥതയിലാകുന്നുവെന്ന് ഈ ജീവമുദ്ര നമ്മെ ഓർമ്മിപ്പിക്കുന്നു. ഈ സ്വത്വത്തിന്റെ ഓർമ്മപ്പെടുത്തലോടുകൂടിയാണ്, 'പരിശുദ്ധ മാമോദീസായുടെ റൂശ്മായാൽ മുദ്രകുത്തപ്പെട്ടവരുമേ, സമാധാനത്താലെ പോകുവിൻ' എന്ന് ആശംസിച്ച് കാർമ്മികൻ നമ്മെ വിശുദ്ധ കുർബ്ബാനയിൽ നിന്ന് യാത്രയാക്കുന്നത്. ഈ ജീവമുദ്രയുടെ ഓർമ്മപ്പെടുത്തൽ പുതിയനിയമലേഖനങ്ങളിലും നാം ആവർത്തിച്ചു കാണുന്നുണ്ട്. ദൈവത്തിന്റെ "പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിടപ്പെട്ടിരിക്കുന്നത്" (എഫെ. 4:30), "അവൻ നമ്മെ മുദ്രയിട്ടും ആത്മാവ് എന്ന അച്ചാരം ...തന്നുമിരിക്കുന്നു" (2 കൊരി. 1:22). സംരക്ഷണത്തിനായി, നിത്യജീവനായി, കാവലിനായി, വീണ്ടെടുപ്പിനായി നാം മുദ്രയിടപ്പെട്ടവരാകുന്നു. സകല മാനുഷികവ്യാപാരങ്ങളിലും നമുക്ക് ആവശ്യമായ പരിശുദ്ധാത്മനടത്തിപ്പായി ഈ മുദ്രയിടുന്നതിനെ വലിയ മാർ ബസേലിയോസ് കാണുന്നുണ്ട്. മാമോദീസായിൽ തുടങ്ങി ന്യായവിധിയോളം ഈ മുദ്ര നമ്മിൽ നിലനിൽക്കുന്നു എന്നും അദ്ദേഹം പഠിപ്പിക്കുന്നു (ബസ്സേലിയോസ് പരിശുദ്ധാത്മാവിനെ കുറിച്ച് അദ്ധ്യായം 16).

## അവന്റെ ആട്ടിൻകൂട്ടത്തിൽ എണ്ണപ്പെടുക

സഭാജീവിതത്തിന്റെ ഭാഗമായി തീരുക എന്ന കേവലാർത്ഥം കൊടുത്താൽതന്നെ ഒരുപാട് മാനങ്ങൾ ഈ പ്രാർത്ഥനയ്ക്കുണ്ട്. പരി മാമോദീസായിലൂടെ ഇടയനായ ക്രിസ്തുവിന്റെ അണിയായി പരി. സഭയുടെ ഭാഗമായി നാം ആയിത്തീരുന്നു. ഇവിടെ വ്യക്തി എന്നതിനുപരിയായി അവന്റെ സംഘത്തിന്റെ ഭാഗമായിത്തീരുന്നു എന്നതാണ് പ്രധാനപ്പെട്ടത്. ഇടയന്റെ സ്ഥാനം മുമ്പിലാണ്. അവന്റെ ശബ്ദം കേട്ട് തിരിച്ചറിഞ്ഞ് അവനെ അനുഗമിക്കുന്നവരാണ് ആട്ടിൻകൂട്ടം (യോഹന്നാൻ 10:4). ഈ യാത്രയിൽ സംഘാംഗങ്ങൾ എല്ലാം തന്നെ പ്രധാനപ്പെട്ടവരാണ്. ആടുകളിൽ ഒന്നു പോലും നഷ്ടപ്പെടുവാൻ ആഗ്രഹിക്കുന്നില്ല.

പരി. മാമോദീസാ ഏറ്റവരിൽ വലിപ്പച്ചെറുപ്പമോ ഏറ്റക്കുറച്ചിലോ ഇല്ല, എല്ലാവരും അവന്റെ സന്നിധിയിൽ തുല്യപ്രാധാന്യം ഉള്ളവരാകുന്നു. ഈ ആശയത്തെ പുരസ്കരിച്ച് യെരുശലേമിലെ വിശുദ്ധ കൂറിലോസ് ആടുകളെ പോലെ സൗമ്യതയ്ക്കായി നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുന്നു. ആടുകളുടെ സൗമ്യത ഒരിക്കലും വാഴ്ത്തപ്പെടേണ്ട ആവ ശ്യമില്ല. കാരണം അത് അതിന്റെ സ്വഭാവത്തിന്റെ സഹജഭാവമായി നിലക്കൊള്ളുന്ന ഒന്നാണ്. അതിനാൽ മാമോദീസാ ഏറ്റവർ സൗമ്യത സഹജഭാവമായി മാറ്റേണ്ടതാണ് (യെറുശലേമിലെ വി. കൂറിലോസ് - പ്രബോധനം 4:21).

## തിരുമുഖശോഭയുടെ പ്രതിഫലനം

തുടർന്ന് പ്രാർത്ഥിക്കുന്നത് തിരുമുഖശോഭ പ്രതിബിംബിപ്പിക്കേണമേ എന്നാണ്. "നമ്മിൽ വെളിപ്പെടാനുള്ള തേജസ്സാണ് (റോമർ 8: 18) പ്രാർ ത്ഥനയ്ക്ക് വിഷയം എന്നതിൽ തർക്കമില്ല. എങ്കിലും പ്രത്യാശാനിർഭ രമായ, ഭാവിസംബന്ധമായ ഈ തിരുമുഖശോഭയ്ക്കുള്ള സാദ്ധ്യത മാമോദീസായിലൂടെ നമുക്ക് ലഭ്യമായി കഴിഞ്ഞു. അതുകൊണ്ടുതന്നെ തിരുമുഖശോഭയ്ക്കായി നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നത് ഇഹലോക ജീവിതത്തിലെ തയ്യാറെടുപ്പുകളുടെ പ്രാധാന്യത്തെ നമ്മെ ഓർമ്മിപ്പി ക്കുന്നു. ചുരുക്കത്തിൽ മാമോദീസാ ഏറ്റവർ മുഖം വാടിയവരും (ഉല്പ. 4:6) നിരാശ ബാധിച്ചവരും ആകുവാൻ അവകാശമില്ല. ഈ ദിവ്യമായ മുഖകാന്തി ഇഹലോകജീവിതത്തിൽതന്നെ പ്രതിഫലിപ്പിച്ചവരുണ്ട്. മോശയുടെ മുഖകാന്തിയും (പുറ. 34:29) 18-ാം നൂറ്റാണ്ടിലെ സരോ വിലെ വിശുദ്ധനായ സെർഫീമിന്റെ മുഖശോഭയും ഇതിനുദാഹരണ ങ്ങളാണല്ലോ. നിരാശയിലേക്ക് വഴുതി വീഴുന്ന സാഹചര്യങ്ങളിൽ നാം ഓർമ്മിച്ചെടുക്കേണ്ടതും നമ്മിലുള്ള മുഖശോഭയുടെ സാദ്ധ്യതയാണ്. ജീവിതത്തിന്റെ കഷ്ടതയിൽ നമുക്കുണ്ടാകേണ്ട ഹൃദയസ്വസ്ഥതയുടെ പ്രതിഫലനമായി ഈ മുഖതേജസ്സിനെ കാണുന്ന പൗരസ്ത്യപിതാക്ക ന്മാരുണ്ട്. കഷ്ടതകളിൽ തകർന്നു പോകാതെ അവയുടെ മദ്ധ്യത്തിൽ ക്രിസ്തുവിന്റെയും ക്രിസ്തുവിനുവേണ്ടി ജീവിച്ച സഹദേന്മാരുടെയും കഷ്ടതകളിൽ ഉള്ള പങ്കാളിത്തമായി അതിനെ മനസ്സിലാക്കി തേജസ്സി ലേക്കുള്ള നമ്മുടെ യാത്രയുടെ ഭാഗമായി അതിനെ കാണണമെന്ന് സ്വർണ്ണ നാവുകാരനായ ഇവാനിയോസ് പഠിപ്പിക്കുന്നു (ജോൺ ക്രിസോസ്റ്റം - അന്തോഖ്യൻ സഭയ്ക്കുള്ള 1-ാം പ്രസംഗം ഖണ്ഡിക 24).

## ജനകന് പുത്രൻ, പുത്രി ആയിത്തീരുക

പരി. മാമോദീസായിലൂടെ പുത്രസ്വീകാര്യം നമുക്ക് ലഭിച്ചിരിക്കുന്നു. നിന്റെ ജനകന് മകൻ (മകൾ) ആയിത്തീരുക എന്നത് ഹൂത്തോമോ

യിലും പാടി കാണുന്നു. ഈ പുത്രത്വത്തിന്റെ നൽവരം പരി. മാമോദീസാ ഏറ്റവരെ സംബന്ധിച്ചിടത്തോളം ഒരേ സമയം ആശ്വാസവും സംരക്ഷണവും നൽകുന്നതും ഉത്തരവാദിത്വമുള്ളവരാക്കുന്നതുമാകുന്നു. പലപ്പോഴും നമ്മുടെ അടുത്ത തലമുറയെ കുറിച്ചുള്ള ഭാവി സംബന്ധമായ സാധാരണയിൽ കവിഞ്ഞ ആശങ്കകൾ ഉണ്ടാകുമ്പോൾ നാം മറന്നു പോകുന്നത് അവർ ദൈവത്തിന്റെ മക്കളാണ്, ദൈവത്തിൽ നിന്ന് പുത്രസ്വീകാര്യം പ്രാപിച്ചവരാണ് എന്ന സത്യമാണ്. അതേപോലെ പുത്രത്വത്തിന്റെ ഈ ബോധ്യം ഈ ജീവിതത്തിൽ നമ്മെ കൂടുതൽ ഉത്തരവാദിത്വമുള്ളവരുമാക്കുന്നു. ഇഷ്ടം പോലെ ജീവിതത്തെ വിനിയോഗിക്കുവാൻ പുത്രത്തിന്റെ ധാർമ്മികത നമ്മെ അനുവദിക്കുന്നില്ല. ജീവിതം ദൈവമക്കളെന്ന നിലയിൽ ശ്രദ്ധയോടെ ചിലവഴിക്കുവാൻ ഉള്ളതെന്ന് ഇത് നമ്മെ ഓർമിപ്പിക്കുന്നു.

## വീണ്ടുംജനനത്തിനുള്ള യോഗ്യത

മാമോദീസാ വീണ്ടുംജനനമാണ്. കർത്താവ് നിക്കോദിമോസിനെ പഠിപ്പിക്കുന്ന 'വീണ്ടുംജനന'ത്തിൽ (യോഹ. 3:3) 'ആവർത്തിക്കപ്പെടുന്നത്' അല്ലെങ്കിൽ 'വീണ്ടും' എന്ന അർത്ഥത്തിൽ വരുന്ന പദം മൂലഭാഷയിൽ 'അനോത്തൻ' എന്നതാണ്. ദേവാലയത്തിലെ തിരശീല മുകളിൽ നിന്ന് താഴേക്ക് ചീന്തിപ്പോയി (മത്താ. 27: 51, മർക്കോ. 15:38) എന്നതിൽ മുകളിൽ നിന്ന് എന്നുള്ളതിന് ഇതേ പദമാണ് ഉപയോഗിക്കുന്നത്. വി. ലൂക്കോസിന്റെ സുവിശേഷത്തിന്റെ ആമുഖത്തിൽ ആദി മുതൽ സകലവും സൂക്ഷ്മമമമായി പരിശോധിച്ചു കഴിഞ്ഞു (1:3) ആദി മുതൽ എന്നതിനും, യോഹന്നാന്റെ സുവിശേഷത്തിൽ 'കർത്താവ് മേലിൽ നിന്ന് വരുന്നവൻ, എല്ലാവർക്കും മീതേയുള്ളവൻ'(3:31), എന്നതിൽ എന്നുള്ളതിനും അനോത്തൻ എന്നതാണ് ഉപയോഗിക്കുന്നത്. കർത്താവിനെ പീലാത്തോസ് വിചാരണ ചെയ്യുമ്പോൾ 'മേലിൽ നിന്ന് നിനക്കു കിട്ടിയിട്ടില്ല എങ്കിൽ എന്റെ മേൽ നിനക്ക് ഒരധികാരവും ഉണ്ടാവുക ഇല്ലായിരുന്നു' (യോഹ. 19:11) എന്നതിൽ മേലിൽ നിന്ന് എന്നുള്ളതിനും കർത്താവിന്റെ പങ്കിടപ്പെട്ട വസ്ത്രം, അങ്കി, മേൽതൊട്ടടിയോളം മുഴുവനും നെയ്തതായിരുന്ന (യോഹ. 19:23) എന്നതിൽ മേൽതൊട്ട് എന്നതിനും ഇതേ പദംതന്നെയാണ് കാണുന്നത്. അഗ്രിപ്പാരാജാവിനോട് പൗലോസിന്റെ പ്രതിവാദത്തിൽ, സൂക്ഷ്മതയേറിയ മതഭേദപ്രകാരം പരീശനായി ജീവിച്ചു എന്ന് അവർ ആദി മുതൽ അറിയുന്നു (അപ്പോ. 26:5) എന്നതിൽ ആദി മുതൽ എന്നുള്ളതിനും ഇതേ പദംതന്നെയാണ് ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ വീണ്ടുംജനനം എന്നു പറയുന്നതിനെ ഉയരത്തിൽ നിന്നുള്ളത്, ആദി മുതൽ നിലനിൽക്കുന്നത്, യഥാർത്ഥമായത് എന്നെല്ലാം ഉള്ള അർത്ഥസാധ്യതയോടെ മനസ്സിലാക്കേണ്ടി

യിരിക്കുന്നു. അതായത് പരി. മാമോദീസായിലൂടെ അനിതരസാധാരണമായ ഒരു പുതിയ ജീവനിലേക്ക് നാം പ്രവേശിക്കുകയാണ്. ഇതും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ അർത്ഥത്തിലും നമ്മുടെ ക്രിസ്തീയ സ്വത്വത്തിന്റെ ഓർമ്മപ്പെടുത്തലാണ്. അജ്ഞതയുടെ അന്ധകാരത്തിൽ ജീവിക്കാനല്ല. ദൈവികജ്ഞാനത്തിന്റെ പുനർജനനാവസ്ഥയിൽ നിത്യതയിലേക്ക് നാം മാമോദീസായിലൂടെ ജനിച്ചിരിക്കുന്നുവെന്ന് രണ്ടാം നൂറ്റാണ്ടിലെ പിതാവായ ജസ്റ്റിൻ മാർട്ടിയർ പഠിപ്പിക്കുന്നു (ജസ്റ്റിൻ മാർട്ടിയർ, 1 അപ്പോളജി അദ്ധ്യായം 61).

## പഴയ മനുഷ്യനെ ഉരിഞ്ഞു കളയുക

പരി. പൗലോസ് ശ്ലീഹായുടെ ശ്രദ്ധേയമായ പഠിപ്പിക്കലുകളിൽ ഒന്നാണത്. ഇനി മേലാൽ പാപത്തിൽ അടിമപ്പെടാത്തവണ്ണം നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു (റോമ. 6:6) എന്നത് മാമോദീസായുടെ ശുശ്രൂഷയുടെ ശ്ലീഹാവായനയിൽ നാം ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വഷളായി പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിക്കുന്ന (എഫേ. 4:22); പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടെ ഉരിഞ്ഞുകളഞ്ഞു (കൊലോ. 3:9) എന്നും പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. പഴയ മനുഷ്യൻ നമ്മെ സംബന്ധിച്ചിടത്തോളം പാപസാദ്ധ്യതകളുടെ ഒരു വലിയ ഭാരമാണ്. പരി. മാമോദീസായിലൂടെ ഈ പഴയ മനുഷ്യൻ കുരിശിക്കപ്പെടുകയാണ്. മാത്രമല്ല, പുതിയ മനുഷ്യരായി നാം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. പരി. മാമോദീസാ ഈ അർത്ഥത്തിൽ നമ്മുടെ കർത്താവിന്റെ കുരിശുമരണത്തിലും ഉയിർത്തെഴുന്നേൽപ്പിലും ഉള്ള നമ്മുടെ പങ്കാളിത്തമാണ്. പഴയ മനുഷ്യന്റെ നമ്മിലുളവാക്കുന്ന ഈ ഭാരത്തെ സംബന്ധിച്ച് വി. അപ്രേം അദ്ദേഹത്തിന്റെ പാട്ടുകളിൽ സൂചിപ്പിക്കുന്നു. മുത്തുകൾ വാരുവാൻ ആഴത്തിലേക്ക് മുങ്ങുന്നവർ അവരുടെ പുറംവസ്ത്രങ്ങളെല്ലാം ഉപേക്ഷിച്ച് അല്പവസ്ത്രധാരികളായി ആഴത്തിലേക്ക് ഊളിയിടുന്നു എന്ന് കാവ്യാത്മകമായി പറഞ്ഞുകൊണ്ട് ക്രിസ്തുവിലൂടെ ലഭ്യമാകുന്ന രക്ഷയുടെ ആഴം മനസ്സിലാക്കുവാൻ ഈ ഭാരം ഒരു തടസ്സമാകുന്നുവെന്ന് അപ്രേം പഠിപ്പിക്കുന്നു. അനന്യനായി, മാറ്റമില്ലാത്തവനായി ദൈവം നമുക്ക് ഉണ്ടെന്ന് ഇതേ സംഗതിയെ അടിസ്ഥാനപ്പെടുത്തി നിസ്സായിലെ വി. ഗ്രീഗോറിയോസ് പഠിപ്പിക്കുന്നുണ്ട്. പഴയ മനുഷ്യനെ നാം ഉരിഞ്ഞുകളയുന്നതിലൂടെ പഴയതെന്നോ പുതിയതെന്നോ വ്യത്യാസമില്ലാതെ മാറ്റമില്ലാത്തവനായി സ്ഥിതിചെയ്യുന്ന ദൈവസ്വരൂപത്തോട് നാം അനുരൂപപ്പെടുന്നുവെന്ന് അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു (നിസ്സായിലെ വി. ഗ്രീഗോറിയോസ്, യുനോമിയോസിനെതിരേ പുസ്തകം 4 അദ്ധ്യായം 3).

### അനശ്വരമായ വസ്ത്രം ധരിക്കുക

മാമോദീസാ നമുക്ക് നിത്യതയിലേക്കുള്ള വാതിലാകുന്നു. നിത്യതയിൽ തേജസ്സിന്റെ വസ്ത്രം നാം ധരിക്കുന്നു എന്നത് സുറിയാനി ആരാധനാപാരമ്പര്യത്തിലെ ഒരു സജീവകാവ്യബിംബമാണ്. പാപത്താലുള്ള വീഴ്ചയിൽ നഷ്ടപ്പെട്ടതാണ് മനുഷ്യന്റെ ഈ തേജസ്സ്. എന്നാൽ പരി. മാമോദീസായിലൂടെ തേജോവസ്ത്രത്തിന്റെ ഈ സാധ്യത നമുക്ക് ലഭിക്കുന്നു. തേജോവസ്ത്രം ധരിക്കുന്നതും അന്ത്യന്യായവിധിയും തമ്മിലും ബന്ധമുണ്ട്. ന്യായവിധി ഒരർത്ഥത്തിൽ നഗ്നമാക്കപ്പെടുന്ന അനുഭവമാണ്. നാം പരസ്യമാക്കപ്പെടുന്ന ഈ ഭീകരാവസ്ഥയിൽ ലജ്ജയിലേക്കും നാശത്തിലേക്കും പോകാതെ നമുക്ക് തേജോവസ്ത്രം ലഭിക്കണമെന്നുള്ളത് നമ്മുടെ നിരന്തരമായ പ്രാർത്ഥനയാണ്. ഈ തേജോവസ്ത്രത്തിന്റെ സാധ്യത ഇഹലോകത്തിൽ വച്ചുതന്നെ പരി. മാമോദീസായിലൂടെ നമുക്ക് നൽകപ്പെട്ടിരിക്കുന്നു. ഈ വസ്ത്രധാരണം പരി. ആത്മാവിനെ ധരിക്കുന്നതാണ്. കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് 'ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ' (ലൂക്കോ 24:49) എന്ന് ശ്ലീഹന്മാരോട് ആവശ്യപ്പെടുന്നുണ്ട്. വെള്ളനിലയങ്കി ധരിച്ച് നിത്യതയിൽ സ്തുതിക്കുന്നവരെ സംബന്ധിച്ച് വി. യോഹന്നാന്റെ വെളിപാടിലും സാക്ഷ്യപ്പെടുത്തുന്നുണ്ട് (വെളി. 7:9). ജീവിതത്തിലെ സർവ്വ മഹത്ത്വങ്ങളിലും ശ്രേഷ്ഠമായി മാമോദീസായിലെ മഹത്ത്വവസ്ത്രത്തെ നാസിയാൻസിലെ വി. ഗ്രീഗോറിയോസ് കാണുന്നു. ക്രിസ്തുവിനെയും പരി. ആത്മാവിനെയും നാം ധരിച്ചിരിക്കുന്നതിനു തുല്യമായാണ് അത്. അതിന്റെ ചാരുത നിലനിർത്തുന്നതിന് നാം ബാദ്ധ്യസ്ഥരാണ്. മണവാളനൊപ്പമുള്ള പ്രവേശനത്തിൽ ഈ തേജോവസ്ത്രം നമ്മുടെ മേൽ ഉണ്ടാകേണ്ടത് അത്രമേൽ അവശ്യമാണ് (നാസിയാൻസിലെ വി ഗ്രിഗോറിയോസ് - മാമോദീസായെ കുറിച്ചുള്ള പ്രസംഗം -ഖണ്ഡിക 25, 46).

## ആശ്വാസകരവും ശാന്തവുമായ ജീവിതം, നല്ല സംരക്ഷണം, പൂർണ്ണ വളർച്ച

ജീവിതത്തിൽ മനുഷ്യന് ആവശ്യമായ സർവ്വ സംഗതികളും പരി. മാമോദീസായുടെ പ്രാർത്ഥനയിൽ നാം കാണുന്നു. ആശ്വാസകരവും ശാന്തവുമായ ജീവിതം, സുരക്ഷിതത്വം, ആരോഗ്യപരമായ ജീവിതാവസ്ഥ ഇവയെല്ലാം മനുഷ്യസഹജമായി നമുക്ക് ആവശ്യമാണ്. മാമോദീസായുടെ പ്രാർത്ഥനയിലുള്ള ഈ പ്രായോഗികക്ഷമത പലപ്പോഴും നാം ശ്രദ്ധിക്കാറില്ല. മനുഷ്യർക്ക് നടപ്പില്ലാത്ത പരീക്ഷകൾ നമുക്ക് ഉണ്ടാകുന്നില്ലയെന്നും, പരീക്ഷകളിലൂടെ പോക്കുവഴികൾ നമുക്ക് നൽകപ്പെട്ടിരി

ക്കുന്നു എന്നും (1 കൊരി. 10:13) പൊലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്ന പോലെ പരിശുദ്ധ മാമോദീസാ നമുക്ക് നൽകിയിട്ടുള്ള ക്രിസ്തീയ സ്വത്വം നമ്മുടെ ജീവിതത്തിലെ അസ്വസ്ഥകൾക്ക് ഉത്തരമാകണം. മാമോദീസാ ഏറ്റവർ എന്നുള്ള നിലയിൽ ദൈവികസംരക്ഷണയിലുള്ള നമ്മുടെ ഉറപ്പ് നമുക്ക് എപ്പോഴും ഉണ്ടാകേണ്ടതാണ്. അസ്വസ്ഥതയു ള്ളതും അരക്ഷിതവുമായ ജീവിതസാഹചര്യങ്ങളിൽ ഈ ബോധ്യം നമ്മെ ജീവിതത്തിൽ പിടിച്ചു നിൽക്കുവാൻ പ്രേരിപ്പിക്കുന്നതാകണം.

## ക്രിസ്തീയമായ അന്ത്യം

ശ്രേഷ്ഠമായ ജീവിതവും ശുഭകരമായ അന്ത്യവും ഏത് മനുഷ്യന്റെയും അടിസ്ഥാനപരമായ അവകാശമാണ്. മരണത്തെ അഭിമുഖീകരിക്കുന്ന ഒരു മനുഷ്യന് ഉണ്ടാകാൻ സാധ്യതയുള്ള വിഹ്വലതകൾ ബഹുമു ഖമാകാം. സ്വസ്തതയും ശമവും വരിക്കുവാൻ മരണത്തെ മുന്നിൽ കാണുന്ന ഒരാൾക്ക് കഴിയണമെന്ന് നിർബന്ധമില്ല. മരണസമയത്തും ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്നുള്ള പരി ദൈവമാതാവി നോടുള്ള നമ്മുടെ നിരന്തരമായ മധ്യസ്ഥതയുടെ അർത്ഥം, ഈ ഒരു പശ്ചാത്തലത്തിൽ ഒരു പക്ഷേ നമുക്കു കൂടുതൽ മനസ്സിലാകും. ഹൂസോ യോപ്രാർത്ഥനയിലും ക്രിസ്തീയമായ അന്ത്യം ഉണ്ടാകണമേ എന്നും നാം പ്രാർത്ഥിക്കാറുണ്ട്. സ്വസ്ഥതയോടെ, പ്രത്യാശയോടെ, നിത്യജീ വനു വേണ്ടിയുള്ള അഭിവാഞ്ഛയോടെ, നമുക്കു മരിക്കുവാൻ സാധ്യ മാകണം. നമ്മുടെ ഇഹലോകജീവിതയാത്രയുടെ ആരംഭത്തിൽതന്നെ പ്രാഥമിക കൂദാശയായി നാം സ്വീകരിക്കുന്ന പരി. മാമോദീസാ യിൽതന്നെ ഇതൊരു പ്രാർത്ഥനയായി നാം സമർപ്പിച്ചിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്.

## ഉപസംഹാരം

നമ്മുടെ ആരാധനയും പ്രാർത്ഥനകളും കൂദാശകളും ജീവിതഗന്ധി യാണ്. ഇഹലോകജീവിതത്തെയും, നിത്യജീവന്റെ സാധ്യതയെയും പരസ്പരം ബന്ധിപ്പിക്കുന്ന അതിശ്രേഷ്ഠമായ ഖണ്ഡിയാണ് അവ. നമ്മുടെ പ്രായോഗികജീവിതത്തിൽ അതിന്റെ സർവ്വ സങ്കീർണ്ണതക ളിലും സ്വസ്ഥതയും, ഏകാഗ്രതയും, കൈവിടാതെ, സുരക്ഷിതബോധ ത്തോടെ, തളർന്നു പോകാതെ, മുന്നോട്ട് പോകുവാൻ അവ നമ്മെ സഹായിക്കുന്നു, സഹായിക്കേണ്ടതാണ്. മാമോദീസായുടെ പ്രാർത്ഥ നകൾ എത്രമേൽ ശക്തമായി നമ്മുടെ പ്രായോഗികജീവിതമായി ഇഴ ചേർത്തിരിക്കുന്നു എന്നത് ഈ സെദ്റാ പ്രാർത്ഥനയുടെ ചെറിയൊരു ഭാഗം പോലും നമ്മെ മനസ്സിലാക്കി തരുന്നു.

# ബഥനി ശതാബ്ദി നിറവിൽ

ഫാ. ബെഞ്ചമിൻ O.I.C

ശതാബ്ദി എന്നാൽ നൂറാംവർഷാഘോഷം. വേദപുസ്തകപശ്ചാത്തലത്തിലും പാരമ്പര്യത്തിലും ശതാബ്ദി ആഘോഷത്തിന് സവിശേഷതകളുണ്ട്. ലേവ്യാപുസ്തകം 25-ാം അദ്ധ്യായത്തിൽ ജൂബിലി എങ്ങനെ ആചരിക്കണം എന്നു വ്യക്തമാക്കുന്നു. ഈ പശ്ചാത്തലത്തിലും മറ്റ് ചരിത്രവസ്തുതകളുടെ വെളിച്ചത്തിലും നോക്കുമ്പോൾ, ശതാബ്ദി ഒരു തിരിച്ചുവരവിന്റെയും പുനഃസമാഗമത്തിന്റെയും അവസരമാണെന്നു കാണാം.

ആരംഭത്തിൽ ഉണ്ടായിരുന്നതും കാലത്തിന്റെ കുത്തൊഴുക്കിൽ കൈമോശം വന്നതുമായ നന്മകളെ തിരിച്ചുപിടിക്കാനുള്ള ഒരു കാലം. ആവർത്തനവിരസമായ ശൈലീ-പ്രയോഗങ്ങളുടെ പുനരാവിഷ്കാരത്തിനുള്ള സമയം. ഭാവിയിലേക്കുള്ള ഊർജ്ജസ്വലവും വീഴ്ചകൾ ഇല്ലാത്തതുമായ തീരുമാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള അവസരം. അവ നടപ്പിലാക്കാനുള്ള യത്നങ്ങൾക്കായി വേർതിരിക്കാനുള്ള കാലം.

മലങ്കര ഓർത്തഡോക്സ് സഭയിൽ ആദ്ധ്യാത്മിക നവചൈതന്യം ലക്ഷ്യമിട്ട് റാന്നി പെരുനാട് മുണ്ടൻമലയിലെ ബഥനിയുടെ പർണ്ണശാലയിൽ തെളിയിച്ച ആ ദീപം ശതാബ്ദിയിലേക്ക് പ്രവേശിക്കുന്നു. ഭാരതീയസംസ്കാരം പുലർത്തിക്കൊണ്ട് ക്രിസ്തുവിനെ ഭാരതീയ ഛായയിൽ കാണിച്ചുകൊടുക്കുന്നതിനും ദൈവരാജ്യമൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിനുമുള്ള ശ്രമമായിരുന്നല്ലോ ബഥനിയുടെ സ്ഥാപനം.

ഡോ. രവീന്ദ്രനാഥ ടാഗോർ സ്ഥാപിച്ച ശാന്തിനികേതനും, മഹാത്മാ ഗാന്ധി അഹമ്മദാബാദിൽ തുടങ്ങിയ സബർമതി ആശ്രമവും, ഭാരതീയ യോഗിയായി ജീവിച്ച സാധു സുന്ദർസിംഗും ഇതിന് ഉത്തേജനം നൽകി.

ക്രിസ്തുമതം വിദേശീയമതമാണെന്ന ധാരണ മാറ്റണമെന്നും, ദേശീയത അതിനുണ്ടാകണമെന്നുമുള്ള ചിന്താഗതി ബഥനിയുടെ സ്ഥാപനോദ്ദേശ്യമായിരുന്നു. ആദ്ധ്യാത്മികാന്തരീക്ഷത്തിൽ ജീവിക്കുന്നതിനും മറ്റുള്ളവരെ സേവിക്കുന്നതിനും ക്രിസ്തുവിനെ സാക്ഷിക്കുന്നതിനും ആശ്രമങ്ങൾക്കു സാധിക്കുമെന്നതിനാൽ ബഥനിക്കു പ്രചുരപ്രചാരം ലഭിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ പൈതൃകവും പാരമ്പര്യവും ഒട്ടും ചോരാതെ ആർഷഭാരതത്തിന്റെ ആത്മചൈതന്യവും സംസ്ക്കാരവും ചേർത്തു നിർത്തി 1918-ൽ ബഥനി സ്ഥാപിച്ചു. അതൊരു ധന്യമുഹൂർത്തമായിരുന്നു. 99 വർഷം പൂർത്തീകരിച്ച് ശതാബ്ദിയിലേക്ക് പ്രവേശിക്കുമ്പോൾ, ഉത്ഭവ വികാസലക്ഷ്യങ്ങളും നേട്ടങ്ങളും മത്രമല്ല, കോട്ടങ്ങളും വീഴ്ചകളും മനസ്സിലാക്കുവാനും ആവശ്യമായ തിരുത്തലുകൾ വരുത്തുവാനും ഒരുങ്ങുകയാണ്. ആദ്യകാലം മുതൽ ബഥനിയുമായി ബന്ധപ്പെടുകയും സഹകരിക്കുകയും ചെയ്ത് കാലയവനികയ്ക്കുള്ളിൽ മറഞ്ഞവരെയും രോഗശയ്യയിലും വിശ്രമജീവിതത്തിലുമായിരിക്കുന്നവരെയും ഓർത്തും പ്രാർത്ഥിച്ചും സന്ദർശിച്ചും ശതാബ്ദിയാഘോഷം മുന്നോട്ട് കൊണ്ടുപോകുവാൻ ദൈവത്തിൽ ശരണപ്പെടുന്നു.

മലങ്കരമെത്രാപ്പോലീത്തായായിരുന്ന പരിശുദ്ധ വട്ടശ്ശേരിയിൽ തിരുമേനിയുടെ അനുവാദവും വ്യക്തമായ പ്രോത്സാഹനവും നിർദ്ദേശങ്ങളും അനുസരിച്ച് രൂപമെടുത്ത ബഥനി ആശ്രമത്തിന്റെ ശതാബ്ദി, ഇപ്പോഴത്തെ മലങ്കരമെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ പരിശുദ്ധ ബസേലിയോസ് മാർതോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ സാന്നിധ്യമുള്ള കോട്ടയം പഴയസെമിനാരിയിൽ വച്ച് 2017 ജൂലൈ 3-ാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ നിർദ്ദേശപ്രകാരം, മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ മായാത്ത ഏടുകൾ തീർക്കുംവിധം ശതാബ്ദി ആഘോഷിക്കുവാൻ വേണ്ട തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

1. ജൂലൈ 3 മുതൽ ഒക്ടോബർ 10 വരെ 100 ദിവസത്തെ ഒരുക്കത്തിനും തയ്യാറെടുപ്പിനും ശേഷം, ഒക്ടോബർ 11 രാവിലെ 5.30 മുതൽ ഒക്ടോബർ 15 രാവിലെ 9.30 വരെ 100 മണിക്കൂർ ഒരുക്കപ്രാർത്ഥനയ്ക്കു ശേഷം ഔപചാരിക ഉദ്ഘാടനം.

2. ശതാബ്ദി ആഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിനും ക്രമീകര ണങ്ങൾക്കും വേണ്ടി വ്യത്യസ്ത തുറകളിൽ നിന്നുള്ള 100 അംഗ ങ്ങളെ ഉൾപ്പെടുത്തി വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.

3. ശതാബ്ദയാത്ര. കഴിഞ്ഞ 99 വർഷം ആശ്രമത്തെ സഹായിക്കുകയും കൈത്താങ്ങു നൽകുകയും ചെയ്തിട്ടുള്ള എല്ലാവരെയും ഓർക്കുന്നു. അവരിൽ മണ്മറഞ്ഞവരുടെ കബറിടങ്ങളിൽ പോയി പ്രാർത്ഥിക്കാം. സുഖമില്ലാത്തവരെയും മറ്റുള്ളവരെയും അവരുടെ വീടുകളിൽ പോയി കാണാം. കൂടെ ഇരുന്നു സംസാരിക്കാം. സന്തോഷം പങ്കിടാം. ഒരു മിച്ചു പ്രാർത്ഥിക്കാം.

4. ശതാബ്ദി കൂട്ടായ്മകൾ. ബഥനിയുടെ ബ്രാഞ്ചുഹൗസുകളുടെ പ്രവർ ത്തനങ്ങളിൽ സഹകരിക്കുന്ന സുഹൃത്തുക്കൾ, സ്നേഹിതന്മാർ, അഭ്യുദയകാംക്ഷികൾ എല്ലാവരുമായി ഒരുമിച്ചുകൂടാം. സ്നേഹബ ഹുമാനാദരവുകൾ പങ്കുവയ്ക്കാം. പ്രാർത്ഥിക്കാം.

5. സഭയ്ക്കുള്ളിൽനിന്നും പുറത്തുനിന്നും ബഥനിയെ ഉറ്റുനോക്കു ന്നവർക്കും സഭയെ അറിയാനും പഠിക്കാനും ആഗ്രഹിക്കുകയും ചെയ്യുന്ന യുവതി യുവാക്കൾക്കുമായി legasy camp onam christmas camp summer vacation കളിൽ ക്രമീകരിക്കുന്നു.

6. അമ്മയിൽ എത്തുന്ന ഓരോ അറിവും കുടുംബത്തിലെ എല്ലാവരി ലേക്കും എത്തുമെന്നതിനാൽ, മലങ്കര ഓർത്തഡോക്സ് മർത്ത മറിയം സമാജം അടുത്ത വർഷത്തെ പഠനത്തിനായി 'സന്ന്യാസം- മലങ്കരയിലെ സന്ന്യാസചരിത്രം' ഉൾപ്പെടുത്താം എന്ന് പ്രസിഡന്റ് തിരുമേനി സമ്മതിച്ചു. അതിനുള്ള സിലബസ് തയ്യാറാക്കാൻ അഭി. തിരുമേനി ആരംഭിച്ചുകഴിഞ്ഞു.

7. വിവിധ വിഷയങ്ങളിൽ സെമിനാറുകളും ചർച്ചകളും സഭയുടെ വിവിധ കേന്ദ്രങ്ങളിൽ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

8. ദൈവാനുഗ്രഹം ഉണ്ടായാൽ ദേശീയ അന്തർദേശീയ മതപണ്ഡിത രെയും പ്രമുഖരെയും ഉൾപ്പെടുത്തി കോൺഫറൻസുകളും സംവാദ ങ്ങളും നടത്തുവാൻ ആഗ്രഹിക്കുന്നു.

9. സഭയിലെ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ഒക്ടോബർ 18-ന് ബഥനിദിനം ആചരിക്കുവാൻ ആഗ്രഹിക്കുന്നു.

10. 100 വർഷത്തിന്റെ ചരിത്രവും ഓർമ്മകളും ഒട്ടും നഷ്ടപ്പെടാതെ ഒരു സെന്റിനറി മ്യൂസിയം നിർമ്മിക്കണമെന്ന് ആഗ്രഹിക്കുന്നു.

11. ഭവനരഹിതരും അർഹരുമായ ഏതാനം വ്യക്തികൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കണമെന്ന് ആഗ്രഹിച്ച് ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

12. മലങ്കര ഓർത്തഡോക്സ് സഭയിലെ സന്ന്യാസ സമൂഹം, വിദ്യാർത്ഥി പ്രസ്ഥാനം, ശുശ്രൂഷകസംഘം, സൺഡേസ്കൂൾ അദ്ധ്യാപക സംഘം ആദിയായവയുടെ സമ്മേളനങ്ങൾ ആശ്രമത്തിൽ ക്രമീകരിക്കുവാൻ ഒരുങ്ങുന്നു.

13. പ്രസിദ്ധീകരണങ്ങൾ: അനിഷേധ്യവും സുദീർഘവും സമ്പന്നവുമായ സമഗ്രചരിത്രവും സ്മരണികയും പ്രസിദ്ധീകരിക്കുന്നു. ഒപ്പംതന്നെ ബഥനിയിൽ നിന്ന് പ്രസിദ്ധീകരിച്ചതും ഇന്ന് ലഭ്യമല്ലാത്തതുമായ ഗ്രന്ഥങ്ങൾ പുനഃപ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നു.

14. ദൈവതിരുഹിതമായാൽ 2018 ഒക്ടോബർ 14-ന് ശതാബ്ദിയാഘോഷസമാപനം നടത്തുവാൻ ആഗ്രഹിക്കുന്നു.

15. പൂർണ്ണമായും ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് സഭാസ്നേഹികളും ബഥനിയുടെ സുഹൃത്തുക്കളും അഭ്യുദയകാംക്ഷികളുമായ നിങ്ങളേവരുടെയും പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നു.



അനുഗ്രഹീത ശബ്ദത്തിനുടമയും മലങ്കരസഭയിലെ ബാലസമാജം ക്യാമ്പുകളിലും എം.ജി.ഒ.സി.എസ്.എം. ക്യാമ്പുകളിലും പാട്ടുപാടിയും പാട്ടുപഠിപ്പിച്ചും യുവാക്കളുടെ മനസ്സിൽ മായാമുദ്ര പതിപ്പിച്ച ബഥനിയിലെ ജോബച്ചന്റെ സ്വർഗ്ഗീയ പ്രവേശനത്തിന്റെ 25-ാം ഓർമ്മ 2018 ഓഗസ്റ്റ് മാസം 8-ാം തീയതി ബഥനിയിൽവച്ച് നടത്തപ്പെടുന്നു.

കോട്ടയം വടക്കൻമണ്ണൂർ പള്ളിയിൽ നിന്ന് വട്ടക്കുന്നേൽ ബാവാ തുടങ്ങിയ വൈദിക ശ്രേണിയിലെ ഒരു കണ്ണിയുമായിരുന്നു ഇദ്ദേഹം.

# ഒരു ഭാഷയുടെ ചരിത്രം

ഫാ. ഇയ്യോബ്

ഒരു ഭാഷയുടെ ഉത്ഭവത്തേയും ചരിത്രത്തെയും കുറിച്ചുള്ള ഒരു ചെറിയ അന്വേഷണമാണ് ഈ ലേഖനം. കേരളത്തിലെ പുരാതന ക്രൈസ്തവ സഭകളും അവയുടെ മാതാവായ മലങ്കര സഭയും ഒരു നൂറ്റാണ്ടിനു മുമ്പ് പൂർണ്ണമായും കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ഭാഗികമായും ആരാധനക്കായും മതപരമായ ആവശ്യങ്ങൾക്കായും ഉപയോഗിച്ചിരുന്ന ഒരു ഭാഷയാണ് സുറിയാനി. മാർത്തോമ്മൻ പാരമ്പര്യം അവകാശപ്പെടുന്ന എല്ലാ സഭകളും അവയുടെ പേരിനോട് കൂടിയും ആരാധനയിലും ഈ ഭാഷ ഉപയോഗിച്ചു വരുകയും അഭിമാനിക്കുകയും ചെയ്യുന്നു. ഈ ലേഖനത്തിലൂടെ ഈ ഭാഷയുടെ ഉത്ഭവത്തേയും അതിന്റെ പരിണാമങ്ങളേയും വളർച്ചയേയും പറ്റി നമുക്ക് പരിശോധിക്കാം.

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവത്തിന്റെ സൃഷ്ടികളെ കുറിച്ചും ഭാഷയെ കുറിച്ചും പ്രതിപാദിക്കുന്നതായി കാണാം. ആദാമിനെയും ഹവ്വായേയും സ്വന്തം സാദൃശ്യത്തിലും രൂപത്തിലും ദൈവം സൃഷ്ടിക്കുകയും, അവരെ ഏദൻ തോട്ടത്തിലാക്കുകയും, തുടർന്ന് ബാബേൽ ഗോപുരം പണിയുന്നതുവരെ ലോകത്തിൽ ഒരു ഭാഷയേ ഉണ്ടായിരുന്നുള്ളൂ എന്ന് കാണുന്നു. ഗോപുര പണിയുടെ സമയത്ത് ദൈവം അവരുടെ ഭാഷയെ കലക്കികളഞ്ഞതായും നാം വായിക്കുന്നു. ജലപ്രളയത്തിനു മുമ്പും ശേഷവുമുണ്ടായിരുന്ന ഭാഷ സെമറ്റിക് ഭാഷകളോട് അനുരൂപപ്പെട്ടിരിക്കാം.

## സെമറ്റിക് ഭാഷകൾ

അരാമായ സെമറ്റിക് കുടുംബത്തിൽ ഉൾപ്പെടുന്ന ഭാഷയാണ്. സെമറ്റിക് എന്ന പദം നോഹിന്റെ മകനായ ശേമിന്റെ സന്തതി പരമ്പരകളുടെ ഭാഷകൾ എന്നാണർത്ഥം. സെമറ്റിക് ഭാഷാ കുടുംബത്തെ പണ്ഡിതന്മാർ മൂന്നായി തരം തിരിക്കുന്നു.

1. വടക്കു കിഴക്കൻ സെമറ്റിക് (അക്കേഡിയൻ, അസീറിയൻ)

2. വടക്കു പടിഞ്ഞാറൻ സെമറ്റിക് (അരാമായിക്, ഹീബ്രു, ഫിനിഷ്യൻ)

3. തെക്കു പടിഞ്ഞാറൻ സെമറ്റിക് (അറബിക്, എത്യോപ്യൻ)

ഈ ഭാഷകൾ ഭൂരിഭാഗവും വലത്തു നിന്ന് ഇടത്തോട്ടാണ് എഴുതുന്നത്. അരാമായ ഭാഷയുടെ പിതാവായി അറിയപ്പെടുന്നത് ശേമിന്റെ 6–ാമത്തെ മകനായ ആരാം ആകുന്നു. ആരാമിന്റെ സന്തതികൾ ഉപയോഗിച്ചു തുടങ്ങിയ ഭാഷ എന്നർത്ഥത്തിൽ അതിനു അരാമായ എന്നു പേരു വന്നതാകാം. ഇത് ആദ്യകാലത്ത് വാച്യാ ഭാഷയായിരുന്നു. പിന്നീട് ഫൊനീഷ്യൻ ഭാഷയിൽ നിന്ന് ലിപികൾ സ്വീകരിക്കുകയും എഴുത്തുഭാഷയായി രൂപപ്പെടുകയും ചെയ്തു. പിന്നീട് അസീറിയൻസ് അരാമായ പ്രദേശങ്ങൾ കീഴടക്കുകയും അരാമായ ഭാഷയുടെ സൗകര്യം മനസിലാക്കി അസീറിയൻ സാമ്രാജ്യത്തിന്റെ ഔദ്യോഗികഭാഷയായി സ്വീകരിച്ചു. പിന്നീട് ബാബിലോണിയൻസും ഈ ഭാഷ സ്വീകരിച്ചു.

## അബ്രഹാമിന്റെ ഭാഷ

വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ ജന്മദേശം കൽദയരുടെ ഊർ എന്ന പട്ടണമാണ്. ഈ ദേശത്ത് 70 വർഷം പാർത്തതിനുശേഷമാണ് അബ്രഹാമിനെ ദൈവം വിളിക്കുന്നത്. ആദ്യം മെസപ്പൊത്തോമിയക്കും പിന്നീട് കനാൻ നാട്ടിലേക്കും അബ്രഹാം പ്രവേശിച്ചതായി വി.ഗ്രന്ഥം പറയുന്നു. ആ കാലങ്ങളിൽ അവരുടെ സംസാരഭാഷ കൽദയരുടെ ഭാഷയായ അരാമായ ആയിരുന്നു. അബ്രഹാമിന്റെ കനാൻ പ്രവേശനത്തിനുശേഷം അബ്രഹാമ്യർ കനാന്യരുടെ ഇടയിലെ വാസം കൊണ്ട് തങ്ങളുടെ പൂർവ്വഭാഷയുമായി സാമ്യമുള്ള സെമറ്റിക് ഭാഷ തന്നെയായ കനാന്യരുടെ ഭാഷയുമായി കൂടി കലർന്ന് ഒരു പുതിയ ഉപഭാഷ ഉണ്ടാവുകയും ചെയ്തു ആ ഭാഷ പിന്നീട് എബ്രായരുടെ പേരിൽ അറിയപ്പെടുകയും ചെയ്തു. എബ്രായ എന്ന പദം നദി കടന്നവൻ, എന്ന് അർത്ഥമുള്ള 'എബർ- കടന്നുപോകുക' എന്ന അറാമായ പദത്തിൽ നിന്ന് ഉണ്ടായതാണ് എന്ന് ബാർഎബ്രായ പറഞ്ഞിരിക്കുന്നു.

## യേശുക്രിസ്തുവിന്റെ ഭാഷ

യിസ്രയേൽ ജനതയുടെ അടിമത്വകാലത്ത് വീണ്ടും അരാമായഭാഷ യിസ്രയേല്യരുടെ അടുക്കലേക്ക മടങ്ങി വരുന്നതായി കാണാം. 10 ഗോത്രങ്ങളെ ബാബിലോനിലേക്ക് പിടിച്ചു കൊണ്ടു പോകുകയും ദീർഘകാലം പ്രവാസം നീണ്ടു നിൽക്കുകയും ചെയ്തു. അതുമൂലം അവരുടെ പുതിയ തലമുറയ്ക്ക് എബ്രായഭാഷ - സംസാരഭാഷ എന്ന നിലയിൽ നിന്ന് നഷ്ടപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാലത്തും പലസ്തീനായിലും യെരുശലേമിലും മറ്റും

സംസാരഭാഷയും, വ്യാപാരഭാഷയും, അരാമായ ആയിരുന്നു. യേശു ക്രിസ്തു തന്റെ പരസ്യശുശ്രൂഷ നിർവഹിച്ചതും, അരാമായ ഭാഷയിലാ യിരുന്നു. യേശുക്രിസ്തു ഉപയോഗിച്ചിരുന്നത് പലസ്തീൻ അരാമായക് എന്ന ഡയലക്ട് ആയിരുന്നു എന്ന് പറയപ്പെടുന്നു.

## സിറിയക്

സുറിയാനി ഭാഷ അരമായ ഭാഷയുടെ എഡേസൻ ഡയലക്ട് ആണ്. 22 അക്ഷരങ്ങളും ഈസ്റ്റ് സിറിയകിൽ 7 ഉം, വെസ്റ്റ് സിറിയകിൽ 5 ഉം സ്വരങ്ങളും ചേർന്നതാണ് ഈ ഭാഷ. ഇതിന് പല കാലഘട്ടങ്ങളി ലായി 3 ലിപി വത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. വേദപുസ്തകം രചിക്ക പ്പെട്ടിട്ടുള്ളത് ഹീബ്രു, ഗ്രീക്ക്, അരമായ ഭാഷകളിലാണ്. സുറിയാനി തർജ്ജമയായ വേദപുസ്തകത്തെ പെഷീത്ത എന്നാണ് വിളിക്കുന്നത്. 3-4 നൂറ്റാണ്ടുകളിൽ എഡേസയിലും സമീപപ്രദേശങ്ങളിലെല്ലാം സുറി യാനി ഭാഷയുടെ വിളനിലമായിരുന്നു, അതിനാൽ തന്നെ സുറിയാനി സഭയുടെ എല്ലാ ആരാധന, തത്വശാസ്ത്ര, വേദശാസ്ത്ര ഗ്രന്ഥങ്ങൾ ഈ ഭാഷയിലാണ് രചിക്കപ്പെട്ടത്. അതുപോലെതന്നെ 4-5 നൂറ്റാണ്ടു കളിൽ ഗ്രീക്കിലുള്ള പല കൃതികളും സുറിയാനിയിലേക്ക് വിവർ ത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. യൂഫ്രട്ടീസ് ടെഗ്രീസ് നദീതടം ഈ ഭാഷയുടെ വളർച്ചയും ഉയർച്ചയും സാക്ഷ്യം വഹിച്ചു. സുറിയാനി ഭാഷാ ക്രമേണ വിപുലീകരിക്കുകയും സിൽക്ക്പാതയിലൂടെ ഇതു കിഴക്കേ ഭാഗ ത്തേക്ക് വ്യാപിക്കുകയും; വ്യാപാരികളും, സുറിയാനി കുടിയേറ്റങ്ങളും ഇതിനെ ഇന്ത്യ, ചൈന എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

## ഡയലക്ട്

അറാമായയും സുറിയാനിയും രണ്ടു ഭാഷകളാണെന്ന് ചിലർ തർക്കം ഉന്നയിക്കുന്നുണ്ടെങ്കിലും ഭാഷാപണ്ഡിതരെല്ലാം ഡയലക്ടുകളുടെ വ്യത്യാസം മാത്രമേ അതിനുള്ളൂ എന്ന് സമർത്ഥിക്കുന്നു. നമ്മുടെ നാട്ടിൽ പഴയ മലയാളവും ആധുനിക മലയാളവും എന്ന് പറയുന്നതു പോലെയാണ് അറമായയും സുറിയാനിയും. 12-ാം നൂറ്റാണ്ടിലെ മലയാ ളമല്ല 1811-ലെ ബൈബിളിലേത്, 1811-ലെ ഭാഷയല്ല 1 നൂറ്റാണ്ടു മുമ്പ് ഉണ്ടായിരുന്നത്. പക്ഷെ, രണ്ടും ഒരേ ഭാഷ തന്നെയാണ്. വിസ്തൃതമായ പശ്ചിമേഷ്യയിൽ പല രാജ്യങ്ങളിൽ സംസാരിച്ചിരുന്ന അരമായ ഭാഷ ഒന്നാ യിരുന്നുവെങ്കിലും അവയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അബ്രാഹത്തിന്റെ കാലം മുതൽ ദേശാന്തരികളായി നടന്നിരുന്നവർക്ക് പശ്ചിമേഷ്യയിലെ അപരിചിത പ്രദേശങ്ങളിൽ ചെല്ലുമ്പോഴും സമ്പർക്കം എളുപ്പമായിരുന്നത് അവർക്ക് പൊതുവായിരുന്ന അരമായ ഭാഷ നിമി ത്തമാണ്. പത്രോസ് ശ്ലീഹാ സംസാരിച്ചിരുന്നത് അരമായ ഭാഷയുടെ പലസ്തീനിയൻ (ഗലീലാ) ഡയലക്ട് ആയിരുന്നുവെന്നും അത് ഊർ

ശ്ലേമിലെ ഡയലക്ടിനേക്കാൾ വ്യത്യസ്ഥമായിരുന്നുവെന്നും ബൈബിളിൽ തന്നെ സൂചനയുണ്ട് (മത്തായി 26:73). ഗലീലായിൽ വളർന്ന യേശു മറ്റ് പ്രദേശങ്ങളിൽ സഞ്ചരിച്ച് പഠിപ്പിച്ചിരുന്നപ്പോൾ ജനങ്ങൾ അവിടുത്തെ പ്രബോധനം മനസ്സിലാക്കിയത് അറമായ ഭാഷയ്ക്കുണ്ടായിരുന്ന പൊതുസ്വഭാവം നിമിത്തമാണ്.

## സുറിയാനി ലിപി (സ്ക്രിപ്റ്റ്)

സുറിയാനി ഭാഷ മൂന്ന് സ്ക്രിപ്റ്റുകളിലായിട്ടാണ് ഇന്ന് ഉപയോഗത്തിലിരിക്കുന്നത്. ഭൂമിശാസ്ത്രപരമായ കിടപ്പും, രാഷ്ട്രീയ സാഹചര്യങ്ങളും, സഭാത്മകമായ നിലപാടുകളും, കാലദൈർഘ്യം മൂലമുണ്ടായ ഭാഷാ വളർച്ചയും ഈ ഭാഷയെ രണ്ട് വ്യത്യസ്ത ലിപികളാക്കി വളർത്തി. പൗരസ്ത്യ സഭകൾ ഉപയോഗിക്കുന്ന കിഴക്കൻ സുറിയാനിയും സിറിയൻ ഓർത്തഡോക്സ് മാറോനൈറ്റ്സ് എന്നിവർ ഉപയോഗിക്കുന്ന പാശ്ചാത്യ സുറിയാനിയും.

## എസ്ത്രംഗല സ്ക്രിപ്റ്റ്

എസ്ത്രംഗല സ്ക്രിപ്റ്റ് സുറിയാനിയുടെ ആദ്യകാല രൂപമാണ്. ഇതു ഉരുണ്ട ആകൃതിയിലാണ് എഴുതപ്പെടാറുള്ളത്. ഇതിന് സ്വരാക്ഷരങ്ങൾ ഉണ്ടായിരുന്നില്ല. ആദ്യകാലങ്ങളിലെ സുറിയാനി സാഹിത്യവും ആരാധനാക്രമങ്ങളും ഈ സ്ക്രിപ്റ്റിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഇന്നും സുറിയാനി ഗ്രന്ഥങ്ങൾ അച്ചടിക്കുന്നത് ഈ സ്ക്രിപ്റ്റിലാണ്. അലങ്കാര എഴുത്തുകൾക്കായും ഈ സ്ക്രിപ്റ്റ് ആണ് ഉപയോഗിക്കപ്പെടുന്നത്.

## ഈസ്റ്റ് സിറിയൻ സ്ക്രിപ്റ്റ്

എസ്ത്രാംഗലയോട് ഏകദേശം ചേർന്ന കിടക്കുന്ന സ്ക്രിപ്റ്റ് ആണിത്. നെസ്തോറിയൻ, കൽദായ എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം വരെ കേരളത്തിലെ എല്ലാ സുറിയാനി ക്രിസ്ത്യാനികളും അവരുടെ മതപരമായ ആവശ്യങ്ങൾക്ക് ഈ സ്ക്രിപ്റ്റാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് അസീറിയൻ, കൽദായ കത്തോലിക്കാ, സീറോ-മലബാർ സഭകളുമാണ് ഈ സ്ക്രിപ്റ്റ് ഉപയോഗിക്കുന്നത്. ഉച്ചാരണ സൗകര്യത്തിനായി ഏഴ് സ്വരങ്ങളും അവയെ സൂചിപ്പിക്കാൻ നിശ്ചിത കുത്തുകളും ഉപയോഗിക്കുന്നു.

## വെസ്റ്റ് സിറിയൻ സ്ക്രിപ്റ്റ്

ആറാം നൂറ്റാണ്ടിൽ എഡേസായിലെ യാക്കോബ് ഉച്ചാരണ എളുപ്പത്തിനായി ഗ്രീക്ക് സ്വരങ്ങൾ കടമടുത്തു കൊണ്ട് ഈ ഭാഷയെ പരിപോഷിപ്പിക്കുകയും തൽഫലമായി അതിന് യാക്കോബായ സ്ക്രിപ്റ്റ് എന്ന് പേരു വരുകയും ചെയ്തു. മാറാനായ, സെർതോ, വെസ്റ്റ് സിറിയക് എന്നെല്ലാം ഇത് അറിയപ്പടുന്നു. സിറിയൻ ഓർത്തഡോക്സ്, മാറോ

നൈറ്റ്സ്, മലങ്കര ഓർത്തഡോക്സ്, മർത്തോമ്മ, മലബാർ ഇൻഡി പെൻഡന്റ് (തൊഴിയൂർ) സീറോ മലങ്കര തുടങ്ങിയ സഭകൾ അവരുടെ ആരാധനയ്ക്ക് ഈ ലിപിയാണ് ഉപയോഗിക്കുന്നത്.

## മാർ തോമാ നസ്രാണികൾ

മാർതോമാ നസ്രാണികൾക്ക് സുറിയാനി ഭാഷയോട് അതിരില്ലാത്ത വിധം സ്നേഹവും താല്പര്യവും ആദരവും പ്രകടിപ്പിച്ചിരുന്നു. അതിനു കാരണം സുറിയാനി ലോകരക്ഷകനായ യേശുക്രിസ്തുവിന്റെയും ഈ സഭയുടെ സ്ഥാപകമായ മാർതോമാ ശ്ലീഹായുടെയും ഭാഷയായിരുന്നു എന്നതാണ്. മാർ തോമാ നസ്രാണികൾക്ക് സുറിയാനി ഭാഷ ഒരു പരി ധിവരെ വശമായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്. അതു കൂടാതെ ആ കാലഘട്ടത്തിൽ ലോകം മുഴുവനിലും പ്രത്യേകിച്ച് കിഴക്കൻ രാജ്യ ങ്ങളിൽ ഇന്ന് ഇംഗ്ലീഷ് ഭാഷ അറിയപ്പെടുന്നതുപോലെ അറിയപ്പെട്ടി രുന്ന ഒരു വാണിജ്യ ഭാഷയായിരുന്നു അറമായ അഥവാ സുറിയാനി.

ഇൻഡ്യയും മദ്ധ്യപൂർവ്വദേശങ്ങളും തമ്മിൽ വളരെ അടുത്ത കച്ചവടബ ന്ധം ഉണ്ടായിരുന്നതായും അതിനാൽതന്നെ സുറിയാനിഭാഷ ഇൻഡ്യ യിൽ കാര്യമായി പ്രചരിച്ചിരുന്നതായും ചരിത്ര സാക്ഷ്യങ്ങളുണ്ട്. അറമായ അഥവാ സുറിയാനിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അശോക ചക്രവർത്തിയുടെ ശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. നമ്മുടെ ഇപ്പോ ഴത്തെ മാതൃഭാഷയായ മലയാളം വളർന്നു വികസിക്കുന്നത് 12-ാം നൂറ്റാണ്ടു മുതലാണല്ലോ. സുറിയാനിയാകട്ടെ ഒന്നാം നൂറ്റാണ്ടിനടുത്ത് നമ്മുടെയിടയിൽ ഉണ്ടുതാനും.

മറ്റു സഭകളെല്ലാം കാലാന്തരത്തിൽ ആരാധന മാതൃഭാഷയിലേക്ക് മാറ്റി യിട്ടും മലങ്കരയിൽ അങ്ങനെ സംഭവിക്കാതിരുന്നത് സുറിയാനിഭാഷ അവർക്ക് അറിയാവുന്നതിനാലും അതിൽ അവർ അഭിമാനിച്ചതിനാലു മാണ്. 1599 മുതൽ പോർച്ച്ഗീസുകാരും, ഇംഗ്ലീഷുകാരും ഇവിടത്തെ സുറിയാനി പാരമ്പര്യത്തെ തച്ചുടക്കാൻ ശ്രമിച്ചപ്പോഴും പുസ്തകങ്ങൾ നശിപ്പിച്ചപ്പോഴും നമ്മുടെ പൂർവ്വികർ സുറിയാനി പാരമ്പര്യത്തിൽ തന്നെ ഉറച്ചു നിന്നതും ഈ കാരണങ്ങൾ കൊണ്ടു തന്നെയാണ്.

സുറിയാനി സഭാംഗങ്ങളായ നാം നമ്മുടെ സഭയുടെ ചരിത്രത്തെക്കു റിച്ചും, ആരാധനയെക്കുറിച്ചും പഠിക്കുമ്പോൾ അവ രചിക്കപ്പെട്ട കാലഘ ട്ടത്തിലെ മൂലഭാഷയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. സഭയുടെ വിശ്വാസാചാരങ്ങളും, അനുഷ്ഠാനങ്ങളും, ആരാധനാവി ജ്ഞാനവും, ദൈവശാസ്ത്രവും മനസ്സിലാക്കുന്നതിന് ഈ ഭാഷാപഠനം വളരെ പ്രാധാന്യമേറിയ ഒന്നാണ്.

## ❖ Qawmo ✝ ܩܘܡܐ ❖

True / God / one / & of the Holy Spirit / & of the Son / of the Father / In the name
ܒܫܡ ܐܒܐ ܘܒܪܐ ܘܪܘܚܐ ܩܕܝܫܐ ܚܕ ܐܠܗܐ ܫܪܝܪܐ
Shareero/ Aloho/ Hadh / Wruho Qadeesho / Wabro / Abo / Bshem

Amen/ and ever/ for ever/& his compassion /his mercy/ and on us/be glory/to whom
ܕܠܗ ܫܘܒܚܐ ܘܥܠܝܢ ܪܚܡܘܗܝ ܘܚܢܢܗ ܠܥܠܡ ܥܠܡܝܢ. ܐܡܝܢ❖
Amin / Olmeen / L-olam / Wahnoneh / Rahmaw / Walayn / Shubho / Dleh

Almighty / God / Lord / Holy / Holy / Holy
ܩܕܝܫ ܩܕܝܫ ܩܕܝܫ ܡܪܝܐ ܐܠܗܐ ܚܝܠܬܢܐ
Haylthono / Aloho / Moryo / Qadeesh / Qadeesh / Qadeesh

in the highest / Hosanna / His praises / from / and earth / heaven / who full of / He
ܗܘ ܕܡܠܝܢ ܫܡܝܐ ܘܐܪܥܐ ܡܢ ܬܫܒܚܬܗ ܐܘܫܥܢܐ ܒܡܪܘܡܐ
Bamrawme / Ushano / Teshbhotheh / Men / war-o / Shmayo / Damleyn / Haw

in the highest / praise / God/ of the Lord/in the name/& is to come/who came /blessed is
ܒܪܝܟ ܕܐܬܐ ܘܐܬܐ ܒܫܡܗ ܕܡܪܝܐ ܐܠܗܐ ܬܫܒܘܚܬܐ ܒܡܪܘܡܐ❖
Bamrawme / teshbuhtho / Aloho / D-moryo / Bashmeh / Vothe / Detho / Breek

Immortal, / Holy are You / Almighty / Holy are You / Oh God! / Holy are You
ܩܕܝܫܬ ܐܠܗܐ ܩܕܝܫܬ ܚܝܠܬܢܐ ܩܕܝܫܬ ܠܐ ܡܝܘܬܐ
Lo-moyootho / Qadeeshat / Haylthono / Qadeeshat / Aloho / Qadeeshat

Have mercy on us / for us / (You were)† Crucified
ܕܐܨܛܠܒܬ ܚܠܦܝܢ ܐܬܪܚܡ ܥܠܝܢ❖
(3 Times) Ethraham 'alayn / Hlofayn / Destlebt

and have mercy on us / be kind / Our Lord / have mercy on us / Our Lord
ܡܪܢ ܐܬܪܚܡ ܥܠܝܢ ܡܪܢ ܚܘܣ ܘܪܚܡ ܥܠܝܢ
Rahem'Alayn / Hus / Moran / Ethraham 'alayn / Moran

and have mercy on us / and our prayers / our office / accept / Our Lord
ܡܪܢ ܩܒܠ ܬܫܡܫܬܢ ܘܨܠܘܬܢ ܘܐܬܪܚܡ ܥܠܝܢ❖
W'ethraham 'alayn / Waslawothan / Teshmeshtan / Qabel / Moran

Oh Creator / be to You / Glory / Oh God / be to You / Glory
ܫܘܒܚܐ ܠܟ ܐܠܗܐ ܫܘܒܚܐ ܠܟ ܒܪܘܝܐ
Boruyo / Lokh / Shubho / Aloho / Lokh / Shubho

your servants / to the sinners / does pity / Christ / King / be to You / Glory
ܫܘܒܚܐ ܠܟ ܡܠܟܐ ܡܫܝܚܐ ܕܚܐܣ ܠܚܛܝܐ ܥܒܕܝܟ
Abdayk / Lhatoyé / D-hoyen / Mshiho / Malko / Lokh / Shubho

(barekhmor = bless o Lord) ܒܪܟܡܪܝ

## The Lord's Prayer (Matthew 6:9-13; Luke 11:2-4)

your kingdom / will come / your name / be hallowed / who is in heaven / Our Father
ܐܒܘܢ ܕܒܫܡܝܐ ܢܬܩܕܫ ܫܡܟ ܬܐܬܐ ܡܠܟܘܬܟ
Malkuthok / Teethe / Shmok / Nethqadash / D-bashmayo / Aboon

on earth / also / it is in heaven / as / is your will / will be done
ܢܗܘܐ ܨܒܝܢܟ ܐܝܟܢܐ ܕܒܫܡܝܐ ܐܦ ܒܐܪܥܐ
Bar'o / Off / D-bashmayo / Aykano / Sebyonok / Nehwe

and our sins / our debts / and forgive us / this day / of our need / bread / Give us
ܗܒ ܠܢ ܠܚܡܐ ܕܣܘܢܩܢܢ ܝܘܡܢܐ. ܘܫܒܘܩ ܠܢ ܚܘܒܝܢ ܘܚܛܗܝܢ
Wahtohayn / Hawbayn / Washbuqlan / Yawmono / Dsunqonan / Lahmo / Hablan

into temptation / do not enter us / our debtors / forgave / we also / as
ܐܝܟܢܐ ܕܐܦ ܚܢܢ ܫܒܩܢ ܠܚܝܒܝܢ ܠܐ ܬܥܠܢ ܠܢܣܝܘܢܐ
L-nesyuno / Lo Ta'lan / L-hayobayn / Shbaqn / Dof-hnan / Aykano

the Kingdom / yours is / for / the evil one / from / deliver us / But
ܐܠܐ ܦܨܢ ܡܢ ܒܝܫܐ. ܡܛܠ ܕܕܝܠܟ ܗܝ ܡܠܟܘܬܐ.
Malkutho / D-deelokee / Metul / Bisho / Men / Fason / Elo

Amen / (and) ever / for ever / and the glory / and the power
ܘܚܝܠܐ ܘܬܫܒܘܚܬܐ ܠܥܠܡ ܥܠܡܝܢ. ܐܡܝܢ
Amin / Olmeen / L'-olam / W-Teshbuhto / W-haylo

## Hail Mary (St. Luke 1:28, 42)

is with you / our Lord / full of grace / Mary / to you / Peace be
ܫܠܡ ܠܟܝ ܡܪܝܡ ܡܠܝܬ ܛܝܒܘܬܐ ܡܪܢ ܥܡܟܝ
Amekh / Moran / Tayboothomalyath / Maryam / Lekh / Shlom

of your womb / the fruit / is / and blessed / among women / are you / Blessed
ܡܒܪܟܬܐ ܐܢܬܝ ܒܢܫܐ ܘܡܒܪܟ ܗܘ ܦܐܪܐ ܕܒܟܪܣܟܝ
Dabkarsekh / Feero / Hoo / Wambarakh / B-neshé / Ath / M-barakhto

of God / Mother / Virgin / Mary / saint / Oh / Christ / Jesus / our Lord
ܡܪܢ ܝܫܘܥ ܡܫܝܚܐ ܐܘ ܡܪܬ. ܡܪܝܡ ܒܬܘܠܬܐ ܐܡܗ ܕܐܠܗܐ
Daloho / Emeh / Btsulto / Maryam / Morth / Oh / Msheeho / Yeshu' Moran

Amen / of our death / & at the hour / & at all times / now / sinners / for us / pray
ܒܥܝ ܚܠܦܝܢ ܚܛܝܐ ܗܫܐ ܘܒܟܠܥܕܢ ܘܒܫܥܬܐ ܕܡܘܬܢ ܐܡܝܢ
Amin / D-mawtan / Wabsho'tho / Wabkhul'edon / Hosho / Hatoyé / Hlofayn / B'oy

Transliteration Table: Letters and Vowels

| ܰ | ܳ | ܶ | ܺ | ܽ |
|---|---|---|---|---|
| a | o | e | i | u |

| ܬ | ܫ | ܪ | ܩ | ܨ | ܦ | ܥ | ܣ | ܢ | ܡ | ܠ | ܟ | ܝ | ܛ | ܚ | ܙ | ܘ | ܗ | ܕ | ܓ | ܒ | ܐ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| th/t | sh/š | r | q | ṣ | p | ‘ | s | n | m | l | k | y | ṭ | ḥ | z | w | h | d | g | b | ’ |

# ബഥനി സമ്മർ ക്യാമ്പ്

**മഹേഷ് വർഗ്ഗീസ്, അടൂർ**

യുവാക്കളെയും വിദ്യാർത്ഥികളേയും കേന്ദ്രീകരിച്ച് ധാരാളം ക്യമ്പുകൾ നടത്തപ്പെടുന്നുണ്ട്. ക്യാമ്പ് ഫയറുകളും ട്രിപ്പുകളും അതിനിടയിൽ അൽപ്പം മോട്ടിവേഷൻക്ലാസ്സുകളും കഴിയുന്നതോടെ അതിന്റെ പ്രസക്തിതീരുന്നു. നമ്മുടെ സഭയിൽ ധാരാളം പ്രസ്ഥാനങ്ങൾ അത്തരം ക്യാമ്പുകൾക്ക് നേതൃത്വം കൊടുക്കാറുണ്ട്. എന്നാൽ ഈ മദ്ധ്യ വേനൽ അവധിക്കാലത്ത് പെരുനാട് ബഥനിയിൽ വച്ചു നടത്തപ്പെട്ട സമ്മർ ക്യാമ്പ് അതുപോലുള്ള ഒന്നായിരുന്നില്ല. ആശയങ്ങളുടെ ഗാംഭീര്യം കൊണ്ടും വിഷയ അവതാരകരുടെ അറിവിന്റെ ഔന്നത്യം കൊണ്ടും സംഘാടകരുടെ സമർപ്പിതമായ സാന്നിധ്യംകൊണ്ടും ഈ ഒത്തുചേരൽ ആധികാരികവും ഗൗരവതരവുമായിരുന്നു.

ഓർത്തഡോക്സ് ആരാധനയെക്കുറിച്ചുള്ള പഠനം, എക്കാറ പഠനം, സഭാ ചരിത്രം, സുറിയാനി പഠനം, ഇവയിൽ ഒന്നോ, പലതോ ആയ കാരണങ്ങൾ ആണ് കുന്ദംകുളം മുതൽ പൂനൈ വരെയുള്ള സ്ഥലങ്ങളിൽ നിന്ന് 22 ചെറുപ്പക്കാരെ ബഥനിയുടെ മണ്ണിൽ പാദമൂന്നുവാൻ പ്രേരിപ്പിച്ചത്. ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള പ്രഭാഷണത്തിൽ ഫാ. ജോമോൻ കുന്നത്തേരിൽ ഓർത്തഡോക്സ് ആരാധനയുടെ മഹത്വത്തെക്കുറിച്ചാണ് സംസാരിച്ചത്. ആ പേരിന്റെ ഉത്ഭവം, ആരാധനയുടെ സൗന്ദര്യം എന്നിവയെക്കുറിച്ചെല്ലാം അദ്ദേഹം സൂചന നൽകി. ഫിലോക്കാലിയ എന്ന ഗ്രന്ഥത്തെ അദ്ദേഹം പ്രത്യേകം പരാമർശിച്ചിരുന്നു. തുടർന്ന് സന്ധ്യനമസ്കാരം, ആശ്രമങ്ങളിലും അരമനകളിലും നിന്നിട്ടില്ലാത്തവർക്ക് ശ്ഹീമനമസ്കാരം പുതിയ അനുഭവമായിരുന്നു. ഏറെ നേരം ശ്രമിച്ചിട്ടാണ് ഒരു ദിവസം മൂന്നു നിറങ്ങൾ തീർത്തത്. ഭക്ഷണസമയത്തെ പ്രാർത്ഥനയും വായനയും തുടർന്നുള്ള പൂർണ്ണ നിശ്ശബ്ദതയും ആശ്രമജീവിതത്തിന്റെ മൗനാനുഭവങ്ങൾ മിണ്ടാതെ പറയുകയായിരുന്നു.

ബഥനി ആശ്രമത്തിൽ എല്ലാദിവസവും വി. കുർബ്ബാന അനുഷ്ഠിക്കാറുണ്ട്. പിതാക്കന്മാരുടെ കബറിങ്കൽവച്ചുള്ള ധൂപപ്രാർത്ഥനയോടുകൂടിയാണ് അത് അവസാനിക്കുക. തുടർന്ന് ഭക്ഷണത്തിനുവേണ്ടി പിരിഞ്ഞു.

രണ്ടാം ദിവസം ആദ്യക്ലാസ്സെടുത്തത് ജിത്തു അച്ചനായിരുന്നു. ഓർത്തഡോക്സ് ആരാധനയുടെ സവിശേഷതകൾ, സുറിയാനി പിതാക്കന്മാർ, സഭാതലവന്മാർ, വേദശാസ്ത്രം എന്നിവയെക്കുറിച്ച് ഗഹനമായ ചോദ്യോത്തരങ്ങൾ നടന്നു. സഭയെക്കുറിച്ച് യുവാക്കൾക്കുള്ള അറിവിന്റെ അളവെടുക്കലായിരുന്നു ആ സംഭാഷണം. ഉച്ചകഴിഞ്ഞ് അടൂർ-കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ അപ്രേം തിരുമേനി ക്യാമ്പ് സന്ദർശിച്ചു. അദ്ദേഹം തന്റെ സന്യാസജീവിതത്തിലേക്കുള്ള കടന്നുവരവിനെ സംബന്ധിച്ചും തന്റെ ഗുരുവായ വലിയ ബാവയെക്കുറിച്ചും സംസാരിച്ചു. വാക്കുകളുടെ അമിത ബഹളങ്ങളില്ലാത്ത ആ സാക്ഷ്യം തിരുമേനിയുടെ പകുതി പ്രായം പോലുമില്ലാത്ത ശ്രോതാക്കളുടെ മിഴിക്കോളിൽ അശ്രുബിന്ദുക്കളായ് വിങ്ങിനിന്നു.

മൂന്നാം ദിവസം, ആദ്യക്ലാസ്സ് നയിച്ചത് സെമിനാരി അധ്യാപകനായ ഏബ്രഹാം തോമസ് അച്ചനായിരുന്നു. വി. മാമോദീസ കൂദാശയെക്കുറിച്ചും അതിലൂടെ ലഭ്യമാകുന്ന അനവധിയായ നൽവരങ്ങളെക്കുറിച്ചും അതുവഴി ഉണ്ടാകേണ്ട ജീവിതമൂല്യങ്ങളെക്കുറിച്ചും അച്ചൻ സംഭാഷണം നടത്തി. ഡോ. എം. കുര്യൻ തോമസ് നടത്തിയ സഭാചരിത്രത്തെ സംബന്ധിച്ച പ്രഭാഷണം ശ്രേഷ്ഠകരമായിരുന്നു. മുൻവിധികളോ, ചായ്വുകളോ ഇല്ലാത്ത വസ്തുനിഷ്ഠമായ ആ സംഭാഷണം അന്വേഷണത്തിന്റെ പുതിയ സരണികൾ തുറന്നുകാട്ടി. വൈദികട്രസ്റ്റി എം.ഒ. ജോൺ അച്ചൻ ക്യാമ്പ് സന്ദർശിക്കുകയും, ആശംസ അറിയിക്കുകയും ചെയ്തു. അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് തിരുമേനി സഭയുടെ ആരാധനാവത്സരത്തെക്കുറിച്ചും കൊച്ചി ഭദ്രാസനാധിപൻ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി ആത്മീയതയെക്കുറിച്ചും ക്ലാസ്സുകൾ നടത്തി.

സഭയെ സംബന്ധിച്ചും അതിന്റെ ചരിത്രം, ആരാധന എന്നിവയെക്കുറിച്ചുമുള്ള ധാരാളം സംശയങ്ങൾ ഈ ക്യാമ്പിലൂടെ ചർച്ചചെയ്യപ്പെട്ടു. സുറിയാനി പഠനം, എക്കാറ പരിശീലനം എന്നിവ കൂടുതൽ അറിവുതേടലിന് പ്രേരണ നൽകി. ബഥനിയുടെ പുണ്യഭൂമിയിൽ നിന്നു മടങ്ങുമ്പോൾ അറിവ് മാത്രമല്ല, അലിവും, ചില ജീവിതചര്യകളും കൂടി കൊണ്ടുവരുന്നതിന്റെ ചാരിതാർഥ്യം ഓരോ മുഖങ്ങളിലും തെളിഞ്ഞു കണ്ടു.

# ബഥനി വാർത്തകൾ

## ബഥനി സമ്മർ ക്യാമ്പ്

ഓർത്തഡോക്സ് സഭയുടെ വിശ്വാസം, ആരാധന, ചരിത്രം, സുറിയാനി ഭാഷ, സുറിയാനി സംഗീതം എന്നിവയുടെ പഠനം ഉൾപ്പെടുത്തികൊണ്ടുള്ള "ബഥനി സമ്മർ ക്യാമ്പ്" ബഥനി ആശ്രമത്തിൽവെച്ച് മേയ് 3 മുതൽ 6 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. അഭി. മാത്യൂസ് മാർ തേവോദോസിയോസ് OIC മെത്രാപ്പോലീത്താ, ക്യാമ്പ് ഉത്ഘാടനം ചെയ്തു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 21 യുവാക്കന്മാർ ക്യാമ്പിൽ പങ്കെടുത്തു. വിവിധ വിഷയങ്ങളെ പറ്റിയുള്ള പഠന ക്ലാസ്സുകൾക്ക് അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഏബ്രഹാം തോമസ്, ഫാ. ജോമോൻ കുന്നത്തേരിൽ, ഫാ. ജിത്തു തോമസ്, പാ. ജോജി ജോർജ് ജെയിംസ്, ഡോ. കുര്യൻ തോമസ്, ഫാ. ബെഞ്ചമിൻ OIC, ഫാ. ഈയ്യോബ് എന്നിവർ നേതൃത്വം നൽകി.

## വാർഷിക ധ്യാനം

ബഥനി ആശ്രമത്തിന്റെ വാർഷിക ധ്യാനം മാതൃഭവനത്തിൽവെച്ച് മേയ് 28 മുതൽ ജൂൺ 4 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഫാ. മത്തായി OIC, ഫാ. ബെഞ്ചമിൻ OIC എന്നിവർ ധ്യാനം നയിച്ചു.

## ബഥനി ആശ്രമ ശതാബ്ദി പ്രഖ്യാപനം

ബഥനി ആശ്രമത്തിന്റെ ശതാബ്ദി പ്രഖ്യാപനം ജൂലൈ 3-ാം തീയതി കോട്ടയം പഴയസെമിനാരിയിൽ വി. കുർബ്ബാനയ്ക്കുശേഷം പരി. കാതോലിക്കാ ബാവാ തിരുമേനി നടത്തി.

## അഭി. പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ

ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അഭി. പിതാക്കന്മാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ജൂലൈ 31 മുതൽ ആഗസ്റ്റ് 7 വരെയുള്ള തീയതികളിൽ പരി. കാതോലിക്കാ ബാവ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കപ്പെടും. പെരുന്നാളിനോടനുബന്ധിച്ച് നിലയ്ക്കൽ ഭദ്രാസന മർത്തമറിയം സമാജം, യുവജന പ്രസ്ഥാനം, എന്നിവയുടെ സമ്മേളനങ്ങൾ ആശ്രമത്തിൽവെച്ച് നടത്തപ്പെട്ടു. മാർ തേവോദോസിയോസ് എക്സലൻസി അവാർഡ് സാമൂഹിക സേവന രംഗത്തെ മികച്ച പ്രവർത്തനത്തിന് തിരുവനന്തപുരം ഹോളിക്രോസ് മഠാംഗമായ

സിസ്റ്റർ സൂസന്ന SDC യ്ക്ക് നൽകും. മാർ തേവോദോസിയോസ് അനുസ്മരണ പ്രഭാഷണം ഫാ. ഡോ. എം. ഒ. ജോൺ നിർവ്വഹിക്കും.

## ക്വിസ് മത്സരം

ബഥനി ആശ്രമ സ്ഥാപകപിതാവായ അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളോടനുബന്ധിച്ച്, വിദേശത്ത് നിന്ന് അവധിക്ക് നാട്ടിൽ വന്നിട്ടുള്ളവർക്കുവേണ്ടി ഒരു ക്വിസ് മത്സരം ആഗസ്റ്റ് 15-ാം തീയതി 2.00 pm ന് ബഥനി ആശ്രമത്തിൽ വെച്ച് നടത്തപ്പെടുന്നു.

## ബാലസമാജം വാർഷിക ക്യാമ്പ്

നിലയ്ക്കൽ ഭദ്രാസന ബാലസമാജത്തിന്റെ വാർഷിക ക്യാമ്പ് സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെയുള്ള തീയതികളിൽ ബഥനി ആശ്രമത്തിൽവെച്ച് നടത്തപ്പെടും. "കൂടെയിരിക്കുന്ന ദൈവം" (മത്തായി 28:20) എന്നതാണ് മുഖ്യചിന്താവിഷയം.

## ഓർമ്മദിനങ്ങൾ

ആശ്രമാംഗമായ ഫാ. ജോബ് OIC-യുടെ 25-ാം ഓർമ്മദിനം ആഗസ്റ്റ് 8-ാം തീയതി ആശ്രമചാപ്പലിൽ ആചരിക്കും.

ആശ്രമാംഗവും മുൻ സുപ്പീരിയറുമായ ഫാ. അലക്സന്ത്രയോസ് OIC -യുടെ 9-ാം ഓർമ്മദിനം സെപ്റ്റംബർ 29-ാം തീയതി ആശ്രമചാപ്പലിൽ ആചരിക്കും.

ആശ്രമാംഗമായ ഫാ. യാക്കോബ് OIC യുടെ 31-ാം ഓർമ്മദിനം സെപ്റ്റംബർ 24-ാം തീയതി ആശ്രമ ചാപ്പലിൽ ആചരിക്കും.

## ഓർമ്മപ്പെരുന്നാൾ


ബഥനി ആശ്രമാംഗവും കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്തയുമായിരുന്ന അഭി. യൂഹാനോൻ മാർ അത്താനാസിയോസ് OIC തിരുമേനിയുടെ 37-ാം ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 12-ാം തീയതി ബഥനി ആശ്രമ ചാപ്പലിൽ ആചരിക്കും.

## ശതാബ്ദി ഉദ്ഘാടനം

ബഥനി ആശ്രമ ശതാബ്ദി ആഘോഷങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം ഒക്ടോബർ 15-ാം തീയതി പെരുനാട് ബഥനി ആശ്രമത്തിൽവെച്ച് പരി. കാതോലിക്കാ ബാവാ തിരുമേനി നിർവ്വഹിക്കും.



ബഥനി സമ്മർക്യാമ്പ് | മെയ് 2017



# Centenary
## Inauguration

2017 October 15
@ Bethany Asram
Ranni-Perunad

**പരി. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**
**കാതോലിക്കാ ബാവാ**

**വി. കുർബ്ബാന അർപ്പിക്കുന്നതും**
**ഉച്ചയ്ക്കുശേഷം 2.00 മണിക്ക്**
**ശതാബ്ദി ഉദ്ഘാടനം നിർവ്വഹിക്കുന്നതുമാണ്.**

**സാംസ്കാരിക സാമുദായിക രാഷ്ട്രീയ രംഗത്തെ**
**പ്രമുഖ വ്യക്തികൾ പങ്കെടുക്കും.**

## BETHANY SUMMER CAMP
### SEPTEMBER - 2017

മലങ്കരസഭയുടെ വിശ്വാസം, ആരാധന, എക്കാറ (ആരാധനാ സംഗീതം), സുറിയാനി ഭാഷ എന്നിവയുടെ പഠനങ്ങൾക്കായുള്ള ബഥനി സമ്മർക്യാമ്പ് പെരുനാട് ബഥനി ആശ്രമത്തിൽവെച്ച് ഓണാവധിക്ക് നടത്തപ്പെടുന്നു. നമ്മുടെ വളർന്നു വരുന്ന യുവതലമുറ സുറിയാനി സഭയുടെ മഹത്വവും വിശ്വാസവും അറിയുന്നതിന് ഈ പഠനശിബിരം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. താല്പര്യമുള്ളവർ ആശ്രമവുമായി ബന്ധപ്പെട്ട് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രത്യേകം ക്യാമ്പുകൾ നടത്തപ്പെടുന്നു. പ്രവേശനം ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

- To Know Orthodoxy (Faith)
- To Learn Orthodoxy (Study/Retreat)
- To Experience Orthodoxy (Silence)
- To Practice Orthodoxy (Liturgy)

**Come & See**

Contact Address:
Bethany Asram, Ranni, Perunadu, Pathanamthitta.
Mob: +91 94 00 510 811, +91 94 46 145 868
E-mail: bethanyasram@gmail.com



Penta Offset, KTM. 0481 2577959

Printed and published by Fr. Mathai OIC (Superior Bethany Asram). For Private Circulation Only.
Contact for Digital & Hard copies: bethanymasika@gmail.com, Mob: +91 94 00 510 811